# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>വിസിൽ ബ്ലോവർ കമ്മിറ്റി റിപ്പോർട്ട്</u>

220 ശ്രീ. ജോസഫ് വാഴക്കൻ
,, അൻവർ സാദത്ത്
,, വി. റ്റി. ബൽറാം
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിസിൽ ബ്ലോവർ കമ്മിറ്റി റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അഴിമതിക്കെതിരെ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് എന്തെല്ലാം കാര്യങ്ങളാണ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുളളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) റിപ്പോർട്ട്, സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) റിപ്പോർട്ടിലെ ശുപാർശകൾ എന്ന് നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>ക്രമസമാധാന നില മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ</u>

221 ശ്രീ. വി. എസ്. സുനിൽ കുമാർ
,, ഇ. ചന്ദ്രശേഖരൻ
,, ചിറ്റയം ഗോപകുമാർ
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരമേറ്റതിനുശേഷം ക്രമസമാധാനനില മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ കാലയളവിൽ, സ്ത്രീ പീഡനങ്ങൾ, കൊലപാതകങ്ങൾ, കവർച്ചകൾ, മോഷണങ്ങൾ, ഭവന ഭേദനങ്ങൾ, പിടിച്ചുപറി, കുട്ടികൾക്കുനേരെയുള്ള അതിക്രമങ്ങൾ എന്നിവ എത്രവീതം നടന്നിട്ടുണ്ട്;

(സി) ഇവ ഓരോന്നിലും എത്ര പ്രതികളെ വീതം അറസ്റ്റ് ചെയ്തു;

(ഡി) ഓരോന്നിലും ഇനി എത്ര പ്രതികളെ വീതം പിടികിട്ടാനുണ്ട്;

(ഇ) പ്രസ്തുത കാലയളവിൽ, സംസ്ഥാനത്ത് ട്രെയിൻ യാത്രക്കാർക്കുനേരെ എത്ര അതിക്രമങ്ങൾ നടന്നിട്ടുണ്ട്, വിശദാംശം ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>ജനസൗഹൃദ പോലീസ്</u>

222 ശ്രീ. തോമസ് ഉണ്ണിയാടൻ
'' റ്റി. യു. കുരുവിള
'' സി. എഫ്. തോമസ്
'' മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനസൗഹൃദ പോലീസ് നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി ജനങ്ങളോട് മോശമായി പെരുമാറുകയും വിവിധ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) ഓരോ പോലീസ് സ്റ്റേഷനിലേയും പോലീസ് ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ ശിക്ഷണ നടപടികൾ കാലതാമസം കൂടാതെ സ്വീകരിക്കുന്നതിനും എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>കമ്മ്യൂണിറ്റി പോലീസിങ്ങ്</u>

223 ശ്രീ. സി.കെ. നാണു
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി തോമസ്
,, ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കമ്മ്യൂണിറ്റി പോലീസിങ്ങിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഏതെല്ലാം സ്റ്റേഷൻ അതിർത്തിയിലാണ്, കമ്മ്യൂണിറ്റി പോലീസിങ്ങ് നിലവിലുള്ളത്;

(സി) സ്റ്റേഷൻ ഡ്യൂട്ടിയിലുള്ള പോലീസുകാരെ, ബീറ്റ് ഓഫീസറൻമാരാക്കികൊണ്ട്, കമ്മ്യൂണിറ്റി പോലീസിങ്ങ് ഫലപ്രദമാക്കാൻ കഴിയുന്നില്ലെന്നുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തിനുമാത്രമായി കൂടുതൽ സേനാംഗങ്ങളെ സ്റ്റേഷൻ അതിർത്തിക്കുള്ളിൽ വിന്യസിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>പോലീസിലെ കുറ്റവാളികൾ</u>

224 ശ്രീ. സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ
,, സണ്ണി ജോസഫ്
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗുരുതരമായ സ്വഭാവദൂഷ്യത്തിന് അടിമപ്പെട്ട പോലീസ് സേനാംഗങ്ങൾക്കെതിരെ കർശന നടപടിക്ക് പോലീസ് ഉന്നതതല സമിതി ശുപാർശ ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ശുപാർശകളുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം സ്വഭാവദൂഷ്യങ്ങളാണ് ശുപാർശയിൽ നിർവചിച്ചിട്ടുളളത്; വിശദമാക്കുമോ

(ഡി) ഇവർക്കെതിരെ എന്തെല്ലാം ശിക്ഷണ നടപടികളാണ് ശുപാർശ ചെയ്തിട്ടുളളത്, വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
# 04.02.2013–ലെ മറുപടിക്ക്

മർദ്ദനം

225 ശ്രീ. എളമരം കരീം
,, വി. ചെന്താമരാക്ഷൻ
,, കെ. ദാസൻ
,, ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് കസ്റ്റഡിയിലെടുത്ത ആളുകൾ മർദ്ദനമേറ്റു മരണപ്പെടുന്നതും, ഗുരുതരമായ പരിക്കുകളോടെ ചികിത്സയിൽ കഴിയുന്നതുമായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചോദ്യം ചെയ്യുന്നതിനായി കസ്റ്റഡിയിലെടുക്കുന്നവരെ പോലീസ് പലതരത്തിൽ പീഡിപ്പിച്ച്, തങ്ങൾ മുൻകൂട്ടി തയ്യാറാക്കിയ മൊഴികൾ പറയിപ്പിച്ചു രേഖപ്പെടുത്തുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത നടപടി നിയമാനുസൃതമാണോ?

(സി) ക്രിമിനൽ കേസ് അന്വേഷണങ്ങളിൽ അന്വേഷണ ഉദ്യോഗസ്ഥന്മാരിൽ ചിലർ, നിയമവിരുദ്ധപ്രവർത്തനം നടത്തുന്നതു തടയാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>രാഷ്ട്രീയ പ്രതിയോഗികളുടെ കൊലപാതകത്തെ പറ്റിയുള്ള വെളിപ്പെടുത്തൽ</u>

226 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, അൻവർ സാദത്ത്
,, ഐ.സി.ബാലകൃഷ്ണൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ രാഷ്ടീയ പ്രതിയോഗികളുടെ പട്ടിക തയ്യാറാക്കി കൊലപ്പെടുത്തിയെന്ന വെളിപ്പെടുത്തിലിന്റെ അടിസ്ഥാനത്തിൽ, എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഏതെല്ലാം കേസുകൾ പുന: പരിശോധിക്കുകയും നടപടി എടുക്കുകയും ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(സി) ഇത്തരം കേസുകളിൽ, ആരെയെല്ലാം അറസ്റ്റ് ചെയ്തിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) കൊലപ്പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ജീവിച്ചിരിക്കുന്നവർക്ക് പോലീസ് സംരക്ഷണം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>സർക്കാർ ഉദ്യോഗസ്ഥർക്കും ബന്ധുക്കൾക്കും എതിരെയുള്ള അതിക്രമങ്ങൾ</u>

227 ശ്രീ. റ്റി. എൻ. പ്രതാപൻ
'' എ. പി. അബ്ദുള്ളക്കുട്ടി
'' വി. റ്റി. ബൽറാം
'' വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
ആഭ്യന്തരവും വിജിലൻസും
**വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൃത്യനിർവ്വഹണത്തിൽ ഏർപ്പെട്ടിരിക്കുന്ന സർക്കാർ ഉദ്യോഗസ്ഥർക്കും അവരുടെ ബന്ധുക്കൾക്കും എതിരെയുള്ള അതിക്രമങ്ങൾ നേരിടുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി, പുതിയ നിയമനിർമ്മാണം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) നിർദ്ദിഷ്ട നിയമത്തിൽ എന്തെല്ലാം കുറ്റങ്ങളും ശിക്ഷകളും ആണ് ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>പോലീസ് സേനയിലെ ക്രിമിനൽവൽക്കരണം</u>

228 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് സേയിലെ ക്രിമിനൽവൽക്കരണം അവസാനിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ;

(ബി) ഐ. പി. എസ്. റാങ്കിലുള്ള ഏതെല്ലാം ഉദ്യോഗസ്ഥരാണ് ക്രിമിനൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്; വിശദാംശം അറിയിക്കുമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>പോലീസിലെ എ. ആർ, ലോക്കൽലയനം</u>

229 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലോക്കൽ പോലീസ് സംവിധാനം കാര്യക്ഷമമാക്കാൻ വേണ്ടി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടങ്ങിവെച്ച എ.ആർ, ലോക്കൽ ലയനം പൂർത്തീകരിക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ബി) 2012 -ൽ ലോക്കൽ സ്റ്റേഷനുകളിലേക്ക് പോകാതെ എ.ആർ. ക്യാമ്പുകളിൽ നിൽക്കുവാൻ പോലീസുകാർക്ക് ജില്ലാ പോലീസ് മേധാവികൾ അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവർക്ക് എത്ര കാലത്തേക്കാണ് എ. ആർ. ക്യാമ്പിൽ നിലനിൽക്കുവാൻ അനുമതി നൽകിയിട്ടുള്ളത്; ഇവരുടെ ലോക്കൽ ട്രാൻസ്ഫർ എങ്ങനെയാണ് നടപ്പിലാക്കുന്നതെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>സംസ്ഥാന പോലീസിനെ ശുദ്ധീകരിക്കുന്നതിന് നടപടികൾ</u>

230 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസിനെ ശുദ്ധീകരിക്കുന്നതിന് നടപ്പാക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ;

(ബി) ശുദ്ധീകരണ നടപടികളുടെ ഭാഗമായി ആഭ്യന്തരമന്ത്രി തന്നെ പറഞ്ഞിട്ടുള്ള പോലീസിലെ ക്രിമിനൽ സ്വഭാവമുള്ളതും ക്രിമിനൽ കേസിൽ പ്രതിയായിട്ടുള്ളതുമായ പോലീസുകാരുടെ കാര്യത്തിൽ, എന്ത് നടപടികളാണ് സ്വീകരിക്കുക; വിശദമാക്കുമോ;

(സി) നടപ്പാക്കാനുദ്ദേശിക്കുന്ന ശുദ്ധീകരണ നടപടികളുടെ ഭാഗമായി പോലീസ് സ്റ്റേഷനുകളിൽ നടമാടുന്ന ലോക്കപ്പിലെ മൂന്നാംമുറ പ്രയോഗവും കസ്റ്റഡിയിലുള്ള പ്രതികളെ, വിസർജ്ജ്യം തീറ്റിക്കുന്ന സംഭവങ്ങളും ലോക്കപ്പിലെ മരണവും സദാചാര പോലീസുകളുടെ അഴിഞ്ഞാട്ടവും പൂർണ്ണമായി ഇല്ലാതാക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കുമോ;

(ഡി) ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ സാക്ഷികളെ അന്വേഷണ ഉദ്യോഗസ്ഥരായ പോലീസും അഡീഷണൽ സ്പെഷ്യൽ പ്രോസിക്യൂട്ടറും സാക്ഷിപറയുന്നതിന് പ്രത്യേകം പരിശീലനം നൽകിയതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം നടപടികൾ ഇല്ലാതാക്കുന്ന പരിഷ്ക്കരണ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>സൈബർ സെൽ കാര്യക്ഷമമാക്കാൻ നടപടി</u>

231 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷം രജിസ്റ്റർ ചെയ്ത സൈബർ കേസുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) സൈബർ സെൽ സാങ്കേതികമായി കൂടുതൽ ശക്തിയാർജ്ജിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>സൈബർ കുറ്റകൃത്യങ്ങൾ</u>

232 ശ്രീ. പി.കെ.ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിവര സാങ്കേതിക വിദ്യയുടെ വളർച്ചയ്ക്കനുസരിച്ച് സംസ്ഥാനത്ത്, സൈബർ കുറ്റ കൃത്യങ്ങളും വർദ്ധിച്ചു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും മറ്റുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>ക്രിമിനൽ കേസുകളിലെ സാക്ഷികളുടെ മൊഴികൾ</u>

233 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ. എം. ഹംസ
ശ്രീ. എ. എം. ആരിഫ്
ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രിമിനൽ കേസുകളിൽ സാക്ഷികളായി കണ്ടെത്തുന്നവർക്ക് അന്വേഷണ ഉദ്യോഗസ്ഥന്മാർ മൊഴികൾ സംബന്ധിച്ച ക്ലാസും റിഹേഴ്സലും നടത്തുന്നത് നിയമാനുസൃതമാണോ; എങ്കിൽ, അത് സംബന്ധിച്ച നിയമവ്യവസ്ഥകൾ വിശദമാക്കുമോ;

(ബി) ഏതെങ്കിലും ക്രിമിനൽ കേസിൽ സംഭവം സംബന്ധിച്ച് അറിവില്ലാത്തവരെ സാക്ഷികളായി നിയോഗിച്ചതും അവരെ സംഭവസ്ഥലത്തു കൊണ്ടുപോയതും മൊഴിയും സംഭവവും സംബന്ധിച്ച് പഠിപ്പിച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കള്ള തെളിവുകളും സാക്ഷികളെയും ഉണ്ടാക്കി, അവ സാക്ഷികളുടെ മൊഴികളിലൂടെ കോടതിയിൽ എത്തിക്കാൻ, ടി.പി. ചന്ദ്രശേഖരൻ വധക്കേസ് അന്വേഷണ സംഘം ശ്രമിച്ചിരിക്കുന്നതായ ആക്ഷേപങ്ങൾ അന്വേഷിക്കുമോ?

## കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>ലാവ്‌ലിന്‍ കേസ് അന്വേഷണം</u>

234 ശ്രീ. ഹൈബി ഈഡന്‍
,, പി.എ. മാധവന്‍
,, കെ. ശിവദാസന്‍ നായര്‍
,, ജോസഫ് വാഴക്കന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ലാവ്‌ലിന്‍ കേസ് അന്വേഷണം ഇപ്പോള്‍ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രതിപ്പട്ടികയില്‍ ആരെയെല്ലാമാണ് ഉള്‍പ്പെടുത്തിയിരിക്കുന്നത്;

(സി) ഈ കേസ് സംബന്ധിച്ച വിചാരണ തുടങ്ങിയിട്ടുണ്ടോ; വിശദാംശങ്ങള്‍ എന്തെല്ലാം ?

# കേരള നിയമസഭ
# 04.02.2013–ലെ മറുപടിക്ക്

<u>മന്ത്രിമാരും എം.എൽ.എ.മാരും പ്രതിചേർക്കപ്പെട്ട കേസ്സുകൾ</u>

235 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറിശേഷം സംസ്ഥാന മന്ത്രിമാരും എം.എൽ.എ.മാരും പ്രതിചേർക്കപ്പെട്ടിരുന്ന എത്ര കേസ്സുകൾ പിൻവലിച്ചു; ഏതൊക്കെ കേസ്സുകളാണ് പിൻവലിച്ചത്; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>കൈക്കൂലി കേസുകൾ</u>

236 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈക്കൂലി കേസിൽ എത്ര സർക്കാർ ഉദ്യോഗസ്ഥരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഇതിൽ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ടവർ എത്ര ;

(സി) ഈ സർക്കാരിന്റെ കാലത്ത് അഴിമതി കേസിൽ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്യപ്പെട്ടവരിൽ എത്ര പേരെ തിരിച്ചെടുക്കുകയുണ്ടായി ?

# കേരള നിയമസഭ
## 04.02.2013–ലെ മറുപടിക്ക്

<u>കള്ളനോട്ട് കേസുകൾ</u>

237 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് കള്ളനോട്ട് പിടികൂടിയതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) എത്ര കേസുകളിൽ കള്ളനോട്ടിന്റെ ഉറവിടം കണ്ടെത്താനായി ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>മണിചെയിൻ കേസുകൾ</u>

238 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ മണിചെയിൻ കേസുകളിലും അതേ മാതൃകയിലുള്ള മറ്റ് കേസുകളിലുംപെട്ട എത്ര പേരെ, ഇനിയും അറസ്റ്റ് ചെയ്യാൻ ബാക്കി നിൽപ്പുണ്ട്;

(ബി) നിലവിലുള്ള കേസുകൾ എത്രയാണ്;

(സി) പ്രതികളെ കണ്ടുപിടിച്ച് അറസ്റ്റ് ചെയ്യുന്നതിൽ പോലീസിന്റെ ഭാഗത്തുണ്ടായ വീഴ്ചകൾ പരിശോധിക്കപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>മൾട്ടിലെവൽ മാർക്കറ്റിംഗ് നിക്ഷേപത്തട്ടിപ്പ് സംബന്ധിച്ച കേസുകൾ</u>

239 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിൽ, മൾട്ടിലെവൽ മാർക്കറ്റിങ്ങിന്റെ പേര് പറഞ്ഞ് നിക്ഷേപത്തട്ടിപ്പ് നടത്തിയ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നറിയിക്കാമോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങൾക്കെതിരെയാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും എത്ര പേരെ അറസ്റ്റ് ചെയ്തുവെന്നും അറിയിക്കാമോ;

(സി) ഈ കേസുകളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>വിവിധതരം കേസുകളിലെ പ്രതികൾ</u>

240 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ നടന്ന കവർച്ച, മോഷണം, ഭവനഭേദനം, ദേവാലയ കവർച്ചകൾ എന്നീ കേസുകളിൽ, എത്ര കേസുകളിൽ, എത്ര വീതം പ്രതികളെ ഇനിയും പിടികൂടാനുണ്ടെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>രജിസ്റ്റർ ചെയ്ത കേസ്സുകൾ</u>

241 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് നാളിതുവരെ സംസ്ഥാനത്ത് എത്ര ഭവനഭേദനങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നു വിശദമാക്കുമോ;

(ബി) ഈ കാലയളവിൽ എത്ര മോഷണക്കേസ്സുകളും കവർച്ചക്കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നു വിശദമാക്കാമോ;

(സി) 2012, ഡിസംബർ 22 മുതൽ 2013, ജനുവരി 22 വരെ സംസ്ഥാനത്ത് എത്ര വീതം കവർച്ച, മോഷണം, ഭവനഭേദനം എന്നിവ നടന്നെന്ന് ജില്ലതിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(ഡി) ഈ കാലയളവിൽ ഭവനഭേദനം, കവർച്ച, മോഷണം എന്നിവയ്ക്കിടയിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ടെന്നു വെളിപ്പെടുത്തുമോ?

## കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>പകൽസമയത്ത് നടന്ന കവർച്ചാ-ഭവനഭേദനക്കേസ്സുകൾ</u>

242 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം പകൽസമയത്ത് നടന്ന കവർച്ചാ-ഭവനഭേദനക്കേസ്സുകൾ എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതേ കാലയളവിൽ പൊതുസ്ഥലത്തുവച്ചുണ്ടായ പിടിച്ചുപറി സംഭവങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ, എത്രകേസ്സുകളിൽ പ്രതികളെ പിടികൂടാനുണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 04.02.2013–ലെ മറുപടിക്ക്

<u>കൊലപാതക കേസ്സുകൾ</u>

243 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത്, നാളിതുവരെ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് ജില്ല തിരിച്ച് കണക്ക് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ രാഷ്ട്രീയ കാരണങ്ങളാൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ഇതിൽ, കൊല്ലപ്പെട്ടവരുടെയും, പ്രതികളുടെയും രാഷ്ട്രീയകക്ഷിബന്ധം വിശദമാക്കാമോ ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

ഗുണ്ടാ നിയമം

244 ശ്രീ. പി. സി. വിഷ്ണുനാഥ്
'' പി. എ. മാധവന്‍
'' പാലോട് രവി
'' എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗുണ്ടാ നിയമം ഭേദഗതിചെയ്യാനിദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ഭേദഗതികളാണ് നിയമത്തില്‍ വരുത്താനുദ്ദേശിക്കുന്നത്;

(സി) ഏതെല്ലാം കുറ്റങ്ങളിലും ശിക്ഷകളിലുമാണ് ഭേദഗതി വരുത്താനുദ്ദേശിക്കുന്നത്;

(ഡി) നിയമം ഭേദഗതി ചെയ്യുന്നതിന് അംഗീകാരമായിട്ടുണ്ടോ;

(ഇ) ഇതിനുള്ള നിയമനിര്‍മ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>ക്വട്ടേഷന്‍ സംഘം നടത്തിയ ആക്രമണങ്ങള്‍</u>

245 ഡോ. ടി. എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനുശേഷം ക്വട്ടേഷന്‍ സംഘം നടത്തിയ ആക്രമണ കേസുകളില്‍ എത്രയെണ്ണം റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത കേസുകളില്‍, എത്രപേര്‍ കൊല്ലപ്പെട്ടിട്ടുണ്ട് ;

(സി) കൊല്ലപ്പെട്ടവരുടെ പേരുവിവരവും സ്ഥലവും വെളിപ്പെടുത്താമോ ;

(ഡി) ക്വട്ടേഷന്‍ ആക്രമണക്കേസുകളില്‍ പ്രതികളായ എത്ര പേരെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും, എത്ര പ്രതികള്‍ അറസ്റ്റ് ചെയ്യപ്പെടാന്‍ ബാക്കിയുണ്ടെന്നും വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>ഒറ്റയ്ക്ക് താമസിക്കുന്നവരുടെ കൊലപാതകം</u>

246 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വീട്ടിൽ ഒറ്റയ്ക്ക് താമസിക്കുന്നവർ കൊല ചെയ്യപ്പെട്ട എത്ര കേസ്സുകൾ കഴിഞ്ഞ രണ്ട് വർഷം സംസ്ഥാനത്തുണ്ടായിട്ടുണ്ട് ;

(ബി) ഒറ്റയ്ക്ക് താമസിക്കുന്നവർ മോഷണങ്ങൾക്കും, ആക്രമണങ്ങൾക്കും വിധേയമായ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>അന്യസംസ്ഥാനത്തൊഴിലാളികൾ, വൃദ്ധദമ്പതികളെ ആക്രമിച്ച സംഭവം</u>

247 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവല്ല നിയോജക മണ്ഡലത്തിലെ ആനിക്കാട്, അന്യസംസ്ഥാനത്തൊഴിലാളികൾ, വൃദ്ധദമ്പതികളെ ആക്രമിച്ച് ഭാര്യയെ കൊലപ്പെടുത്തിയ സംഭവത്തിൽ അന്വേഷണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ കേസിൽ കുറ്റവാളികളെ അറസ്റ്റു ചെയ്യുവാൻ സാധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>പോലീസ് കസ്റ്റഡിയിൽ മരണപ്പെട്ട റിമാന്റ് പ്രതികൾ</u>

248 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കോടതി റിമാന്റ് ചെയ്ത എത്ര പ്രതികൾ, പോലീസ് കസ്റ്റഡിയിൽ മരണപ്പെടുകയുണ്ടായി;

(ബി) അവർ ആരൊക്കെയാണ്;

(സി) ഏതെല്ലാം സ്ഥലത്ത് വെച്ച് മരിക്കുകയുണ്ടായി; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>പൊതുസ്ഥലത്ത് മാലിന്യം വലിച്ചെറിഞ്ഞവർക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകൾ</u>

249 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത്, പൊതുസ്ഥലത്ത്, മാലിന്യം വലിച്ചെറിഞ്ഞ എത്രപേർക്കെതിരെ പോലീസ് കേസ് എടുക്കുകയുണ്ടായി; ജില്ല തിരിച്ച് വിശദമാക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>കുറ്റകൃത്യങ്ങളുടെയും രജിസ്റ്റർ ചെയ്ത കേസുകളുടെയും വിശദാംശങ്ങൾ</u>

250 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ, ആത്മഹത്യ ചെയ്തവരെത്ര; അതിൽ, സ്ത്രീകളും കുട്ടികളും എത്ര; സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുണ്ടായ വിവിധ തരത്തിലുള്ള ക്രൈമുകളിൽ എടുത്ത ആകെ കേസുകൾ എത്ര; ഈ കേസുകളിൽ ആകെ എത്രപേരെ അറസ്റ്റ് ചെയ്യുകയുണ്ടായി; അറസ്റ്റ് ചെയ്യപ്പെട്ടവരിൽ സ്റ്റേഷൻ ജാമ്യത്തിൽ വിട്ടയക്കപ്പെട്ടവർ എത്ര; റിമാന്റ് ചെയ്യപ്പെട്ടവരെത്ര; ഇനി അറസ്റ്റ് ചെയ്യാൻ ബാക്കിയുള്ളവർ എത്ര; വ്യക്തമാക്കുമോ;

(ബി) മൊത്തം കേസുകളിൽ കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുള്ളവ എത്ര; അന്വേഷണം പൂർത്തിയായിട്ടില്ലാത്തവ എത്ര;വ്യക്തമാക്കുമോ;

(സി) പ്രസ്തുത കേസുകളിൽ ബലാത്സംഗ കേസുകൾ, കൊലപാതക കേസുകൾ, ലൈംഗിക അതിക്രമ കേസുകൾ എന്നിവ എത്ര; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
# 04.02.2013–ലെ മറുപടിക്ക്

<u>കെ. സുധാകരൻ എം. പി. പ്രതിയായിട്ടുണ്ടായിരുന്ന കൊലപാതക കേസുകളുടെ പുനരന്വേഷണം</u>

251 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ. സുധാകരൻ, എം. പി. പ്രതിയായിട്ടുണ്ടായിരുന്ന കൊലപാതക കേസുകൾ പുനരന്വേഷിക്കണം എന്നാവശ്യപ്പെട്ടുകൊണ്ട് കണ്ണൂർ സേവറി ഹോട്ടലിൽ കൊല്ലപ്പെട്ട നാണുവിന്റെ ഭാര്യ ഭാർഗ്ഗവിയും നല്പാടി വാസുവിന്റെ സഹോദരനും ആഭ്യന്തര വകുപ്പുമന്ത്രിയ്ക്ക് 18.12.2012–ൽ സമർപ്പിച്ച നിവേദനം പരിശോധിക്കുകയുണ്ടായോ;

(ബി) ഹർജിയിലെ ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>ശ്രീ. കെ. സുധാകരൻ എം.പി.ക്കെതിരായ കേസ്സിന്റെ വിശദാംശങ്ങൾ</u>

252 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനധികൃത ബാർ ലൈസൻസ് നൽകുന്നതിൽ ബഹു: സുപ്രീം കോടതി ജഡ്ജി സാമ്പത്തികാഴിമതി നടത്തുന്നതിന് താൻ സാക്ഷിയാണെന്ന് ശ്രീ. കെ. സുധാകരൻ എം.പി. പൊതുയോഗത്തിൽ പ്രസംഗിച്ചതു സംബന്ധിച്ച് തിരുവനന്തപുരം മ്യൂസിയം പോലീസ് രജിസ്റ്റർ ചെയ്ത കേസ്സിന്റെ അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) കേസ് അന്വേഷിക്കുന്ന ക്രൈം ഡിറ്റാച്ച്മെന്റ് അസിസ്റ്റന്റ് കമ്മീഷണർ പ്രസംഗം നടത്തിയ ആളിനെ ചോദ്യം ചെയ്യുകയുണ്ടായോ; എങ്കിൽ, എപ്പോൾ; എവിടെ വെച്ച്; വിശദാംശം നൽകുമോ;

(സി) അന്വേഷണറിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>റോഡപകടങ്ങൾ</u>

253 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്
ശ്രീ. എം. വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ 2012-13 കാലയളവിൽ രജിസ്റ്റർ ചെയ്യപ്പെട്ട റോഡപകടങ്ങളിൽ, എത്ര പേർ പരിക്കേൽക്കുകയും മരണപ്പെടുകയും ചെയ്തത് എത്ര പേർ അറിയിക്കുമോ;

(ബി) അപകടത്തിൽ പരിക്കേറ്റ് റോഡരികിലും മറ്റും കിടക്കുന്നവരെ യഥാസമയം ആശുപത്രിയിലെത്തിക്കാൻ പൊതുജനങ്ങൾക്ക് വൈമനസ്യം ഉണ്ടാക്കുന്ന പ്രധാനപ്പെട്ട ഘടകങ്ങൾ എന്തെല്ലാമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഇപ്രകാരം പരിക്കേറ്റവരെ ആശുപത്രിയിൽ എത്തിക്കാൻ വൈകുന്നത് വഴി യഥാസമയം ചികിത്സ ലഭിക്കാതെ മരണപ്പെടുന്ന സംഭവങ്ങൾ ഇല്ലാതാക്കാൻ ഉതകുന്ന തരത്തിൽ പൊതുജനങ്ങൾക്ക് മാർഗ്ഗ നിർദ്ദേശം നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) അപകടത്തിൽപ്പെടുന്നവർക്ക് അടിയന്തിര സഹായം നൽകാൻ തയ്യാറാകുന്നവർ നേരിടേണ്ടി വരുന്ന നിയമപ്രശ്നങ്ങൾ എപ്രകാരം ലഘൂകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>പോലീസ് കേസുകൾ</u>

254 ശ്രീ. ഇ. പി. ജയരാജൻ
,, പുരുഷൻ കടലുണ്ടി
,, കെ. വി. വിജയദാസ്
,, ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം കോടതിയിൽ സമർപ്പിച്ച കേസുകളിൽ, അന്വേഷണ ഉദ്യോഗസ്ഥരും പബ്ലിക് പ്രോസിക്യൂട്ടറും സാക്ഷികളെ മൊഴി പഠിപ്പിക്കേണ്ടി വരുന്നത് എന്തുകൊണ്ടാണ്; ഇത് നിയമാനുസൃതമാണോ; ഇതു സംബന്ധിച്ച നിയമവ്യവസ്ഥകൾ വിശദമാക്കാമോ;

(ബി) ടി. പി. ചന്ദ്രശേഖരൻ വധക്കേസ് വിചാരണ ആരംഭിക്കുന്നതിന് മുൻപായി കുറ്റപത്രത്തിൽ പോലീസ് എടുത്ത നിലപാടിനനുസരിച്ച് സാക്ഷികളെ കള്ളമൊഴി പഠിപ്പിക്കാനായി അന്വേഷണ ഉദ്യോഗസ്ഥരും പബ്ലിക് പ്രോസിക്യൂട്ടറും ഏതാനും സാക്ഷികളും സംഭവ സ്ഥലത്തെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് ചിത്രീകരിക്കാൻ ശ്രമിച്ചയാളിന്റെ മൊബൈൽ ഫോൺ, പോലീസ് തട്ടിയെടുക്കുകയുണ്ടായോ;

(ഡി) പ്രസ്തുത ഫോൺ കണ്ടെത്തുന്നതിന് വടകര ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് പുറപ്പെടുവിച്ച ഉത്തരവ് നടപ്പിലാക്കുകയുണ്ടായോ; ഇല്ലെങ്കിൽ, എന്തുകൊണ്ട് എന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>കേരള പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളും പോലീസിനെതിരെയുള്ള കേസുകളും</u>

255 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള കൊലപാതകങ്ങൾ ബലാൽസംഗങ്ങൾ, മറ്റു ലൈംഗിക പീഡനങ്ങൾ, മോഷണങ്ങൾ, എന്നിവയുടെകണക്ക് പ്രത്യേകം ലഭ്യമാക്കുമോ;

(ബി) ഇതിൽ, എത്ര കേസുകളിൽ, പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഈ കാലയളവിൽ പോലീസ് അതിക്രമങ്ങളിൽ പോലീസിനെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഡി) അതിനെതിരെ എടുത്ത നടപടികൾ വിശദമാക്കുമോ;

(ഇ) ഇതുമായി ബന്ധപ്പെട്ട്, ഏതെല്ലാം പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്;

(എഫ്) എങ്കിൽ, അതിന്റെ കാരണങ്ങൾ പ്രത്യേകം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>രജിസ്റ്റർ ചെയ്ത അക്രമസ്വഭാവ കേസുകൾ</u>

256 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അക്രമസ്വഭാവത്തിലുള്ള എത്ര കേസുകൾ പോലീസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽപ്പെട്ടവർക്കെതിരെ നടന്ന അക്രമങ്ങളുടെ എത്ര കേസുകളുണ്ടെന്ന്, ജില്ല തിരിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>പൊതുയോഗങ്ങളിലെ പരാമർശങ്ങളുടെ പേരിലെ കേസുകൾ</u>

257 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ പൊതുയോഗത്തിലെ പരാമർശങ്ങളുടെ പേരിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അറസ്റ്റ് ചെയ്ത് ജയിലിൽ അടക്കപ്പെട്ടവർ എത്ര ; ആർക്കെല്ലാം എതിരെ എത്ര കേസുകൾ എടുത്തിട്ടുണ്ട് ;

(ബി) പൊതുപ്രവർത്തകരുടെ പ്രസംഗങ്ങൾ നിരീക്ഷിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

എം.എൽ.എ.യെ അപമാനിക്കുന്ന തരത്തിലുള്ള പ്രസംഗം

258 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ സമ്മേളനം ഉദ്ഘാടനം ചെയ്ത് ആഭ്യന്തര വകുപ്പുമന്ത്രി നടത്തിയ പ്രസംഗത്തിൽ, ശ്രീമതി. കെ. കെ. ലതിക, എം.എൽ.എ.യെ അപമാനിക്കുന്ന തരത്തിൽ നടത്തിയ പരാമർശങ്ങൾക്കെതിരെ പോലീസ് സ്വമേധയാ കേസെടുത്തിട്ടുണ്ടോ;

(ബി) ഹാളിനുള്ളിൽ വച്ചുള്ള സമ്മേളനങ്ങളിൽ നടത്തുന്ന പ്രസംഗങ്ങളിലെ പരാമർശങ്ങളിന്മേലും തുറന്ന സ്ഥലത്തുള്ള സമ്മേളനങ്ങളിലെ പ്രസംഗങ്ങളിലെ പരാമർശങ്ങളിന്മേലും കേസെടുക്കുന്നതിന്, നിയമപരമായി എന്തെങ്കിലും വ്യത്യാസങ്ങളുണ്ടോ; എങ്കിൽ, വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>പ്രസംഗത്തിന്റെ പേരിലുള്ള കേസ്സുകള്‍</u>

259 ശ്രീ. കെ. കെ. നാരായണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ ഗവണ്‍മെന്റ് അധികാരത്തില്‍ വന്നതിനു ശേഷം പ്രസംഗത്തിന്റെ പേരില്‍ ഏതെല്ലാം എം.എല്‍.എ.മാര്‍ക്കും ഏതെല്ലാം എം.പി മാര്‍ക്കുമെതിരെയാണ്, കേസ്സ് രജിസ്റ്റര്‍ ചെയ്തിട്ടുളളത് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ കേസ്സുകളുടെ വിശദാംശം വെളിപ്പെടുത്താമോ;

(സി) ഇതില്‍, ഏതെങ്കിലും കേസ്സ് പിന്‍വലിക്കപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കില്‍, ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>കുറ്റകൃത്യങ്ങൾ</u>

260 ശ്രീ.എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് എത്ര ആരാധനാലയങ്ങളിൽ നാളിതു വരെ മോഷണം നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കാലയളവിൽ എത്ര വർഗ്ഗീയ സംഘർഷങ്ങളും വർഗ്ഗീയ ചേരിതിരിവുകളുടെ അടിസ്ഥാനത്തിലുള്ള അടിപിടികളും റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ, എത്ര ലാത്തിച്ചാർജുകൾ നടന്നിട്ടുണ്ടെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 04.02.2013–ലെ മറുപടിക്ക്

## മാധ്യമപ്രവർത്തകർക്കെതിരെയുള്ള കേസുകൾ

261 ശ്രീ.കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാധ്യമ പ്രവർത്തകർക്കെതിരെ എത്ര കേസുകൾ എടുത്തിട്ടുണ്ടെന്നും എന്തൊക്കെ കാരണങ്ങൾക്കാണ് കേസ് എടുത്തിട്ടുള്ളതെന്നും വിശദാംശം ലഭ്യമാക്കുമോ;

(ബി) വാർത്ത നൽകിയതിന്റെ പേരിൽ എത്ര മാധ്യമ പ്രവർത്തകരുടെ പേരിൽ കേസ് എടുത്തിട്ടുണ്ട്; ഏതൊക്കെ മാധ്യമപ്രവർത്തകരുടെ പേരിലാണ് കേസ് എടുത്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം ജില്ലാ സ്കൂൾ കലോൽസവവുമായി ബന്ധപ്പെട്ട് മാധ്യമപ്രവർത്തകരും മറ്റാരെങ്കിലുമായി എന്തെങ്കിലും പ്രശ്നം ഉണ്ടായിട്ടുണ്ടോ; എങ്കിൽ എന്താണെന്ന് വിശദമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും മാധ്യമപ്രവർത്തകർക്ക് പരിക്കേൽക്കുകയോ ആശുപത്രിയിൽ അഡ്മിറ്റാവുകയോ ചെയ്തിരുന്നോ; എങ്കിൽ, അത് ആരൊക്കെയായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ഇ) ഈ സംഭവത്തിൽ മാധ്യമപ്രവർത്തകരുടെ പേരിൽ എന്തെങ്കിലും കേസ് എടുത്തിട്ടുണ്ടോ എന്നും എങ്കിൽ, ഏതൊക്കെ വകുപ്പനുസരിച്ചാണെന്നും ആരൊക്കെയാണ് പ്രതികൾ എന്നും, പരാതി നൽകിയത് ആരാണെന്നും വ്യക്തമാക്കുമോ;

(എഫ്) മാധ്യമപ്രവർത്തകർ എന്തെങ്കിലും പരാതി നൽകിയിട്ടുണ്ടോ എന്നും ഇതനുസരിച്ച് ആരുടെയെങ്കിലും പേരിൽ കേസ് എടുത്തിട്ടുണ്ടോ എന്നും എങ്കിൽ, ഏത് വകുപ്പ് അനുസരിച്ചാണെന്നും പ്രതികൾ ആരൊക്കെയാമെന്നും വ്യക്തമാക്കുമോ; ഈ പ്രതികൾ ഏതെങ്കിലും സർവ്വീസ് സംഘടനയിൽപ്പെട്ടവരാണോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>പത്രപ്രവർത്തകക്കെതിരെ കർണ്ണാടക സർക്കാർ എടുത്ത കേസ്</u>

262 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മഅ്ദനിയെക്കുറിച്ച് റിപ്പോർട്ട് നൽകിയതിന്റെ പേരിൽ ഷാഹിന എന്ന പത്രപ്രവർത്തകയെ കേസിൽ ഒരു വനിതാ റിപ്പോർട്ടറെ ഉൾപ്പെടുത്തി കർണ്ണാടക സർക്കാർ ക്രൂശിക്കുകയാണെന്ന കേരള പത്രപ്രവർത്തക യൂണിയന്റെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>മാധ്യമപ്രവര്‍ത്തകരെ മര്‍ദ്ദിച്ച അദ്ധ്യാപകര്‍ക്കെതിരെ കേസ്</u>

263 ശ്രീ. ആര്‍. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തിരുവനന്തപുരം ജില്ലാ സ്ക്കൂള്‍ കലോത്സവത്തില്‍ വിളമ്പിയ ഭക്ഷണത്തില്‍ക്കണ്ടെത്തിയ പുഴുവിന്റെ ഫോട്ടോ എടുത്ത മാധ്യമപ്രവര്‍ത്ത കരെ അദ്ധ്യാപകര്‍ മര്‍ദ്ദിച്ച സംഭവത്തില്‍ പ്രസ്തുത അദ്ധ്യാപകര്‍ക്കെതിരെ കേസെടുത്തിട്ടുണ്ടോ;

(ബി) ഈ അദ്ധ്യാപകര്‍ ഏത് അദ്ധ്യാപക സംഘടന പ്രവര്‍ത്ത കരാണെന്നും ഏതൊക്കെ അദ്ധ്യാപകര്‍ക്കെതിരെയാണ് കേസെടുത്തതെന്നും ഏതെല്ലാം വകുപ്പുകള്‍ പ്രകാരം ആണ് കേസെടുത്തതെന്നും വ്യക്തമാക്കുമോ;

(സി) ഈ സംഭവത്തില്‍ മാധ്യമപ്രവര്‍ത്തകര്‍ക്കെതിരെ കേസെടുത്തിട്ടുണ്ടോ; എങ്കില്‍ എത്രപേര്‍ക്കെതിരെ കേസ്സെടുത്തിട്ടുണ്ടെന്നും എത്ര മാധ്യമ പ്രവര്‍ത്തകര്‍ക്ക് പരിക്കേറ്റിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ഈ സംഭവത്തില്‍ ഗുരുതര പരിക്കേറ്റ മാധ്യമപ്രവര്‍ത്ത കര്‍ക്കെതിരെ കേസെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കു മോ;

(ഇ) ഈ സംഭവത്തില്‍ അദ്ധ്യാപകര്‍ വരുത്തിയ നാ ശനഷ്ടം സര്‍ക്കാര്‍ പരിഹരിക്കാമെന്ന് ഏറ്റിട്ടുണ്ടോ എന്നും ഏതൊക്കെ ഇനത്തില്‍ എത്ര നഷ്ടമാണ് കണ ക്കാക്കിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

## ആലപ്പുഴ ജില്ലയിൽ രജിസ്റ്റർ ചെയ്ത കേസുകൾ

264 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ, മോഷണവും അക്രമവും അപകടകരമാംവിധം വർദ്ധിക്കുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ആലപ്പുഴ ജില്ലയിൽ, ഗുണ്ടാ ആക്രമണവുമായി ബന്ധപ്പെട്ടും മോഷണവുമായി ബന്ധപ്പെട്ടും എത്ര കേസുകൾ 2012-ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) പ്രസ്തുത ജില്ലയിൽ ക്വട്ടേഷൻ മാഫിയ സംഘങ്ങൾക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തു;

(ഡി) 2012-ൽ എത്ര സ്ത്രീ പീഡന കേസുകൾ രജിസ്റ്റർ ചെയ്തു; വിശദമാക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>കായംകുളം ഡി.വൈ.എസ്.പി. യുടെ അധികാരപരിധിയിലുള്ള പോലീസ് സ്റ്റേഷനുകളിലെ കേസ്സുകളുടെ വിശദാംശം</u>

265 ശ്രീ. സി. കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

കായംകുളം ഡി.വൈ.എസ്.പി. യുടെ അധികാരപരിധിയിലുള്ള പോലീസ് സ്റ്റേഷനുകളില്‍ രജിസ്റ്റര്‍ ചെയ്തിട്ടുള്ള സ്ത്രീപീഡനം, ബലാത്സംഗം, കൊലപാതകം, വധശ്രമങ്ങള്‍, കുട്ടികള്‍ക്ക് നേരെയുള്ള ആക്രമണം, ക്വട്ടേഷന്‍ സംഘങ്ങളുടെ അതിക്രമങ്ങള്‍ എന്നിവയുടെ സ്റ്റേഷന്‍ തിരിച്ചുള്ള കണക്കുകള്‍ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>ചന്ദ്രശേഖരൻ വധക്കേസ്</u>

266 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടി.പി. ചന്ദ്രശേഖരൻ വധക്കേസിലെ അന്വേഷണ ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ പോലീസ് ഉദ്യോഗസ്ഥരും, പബ്ലിക് പ്രോസിക്യൂട്ടറും, ഏതാനും സാക്ഷികളെയും കൂട്ടി സംഭവസ്ഥലമായ വള്ളിക്കാട്ടിലും, ഓർക്കാട്ടേരിയിലും സന്ദർശനം നടത്തുകയുണ്ടായോ ;

(ബി) പോലീസ് അന്വേഷണം നടത്തി കുറ്റപത്രം കോടതിയിൽ സമർപ്പിച്ച്, വിചാരണ ആരംഭിക്കാനിരിക്കെ, സാക്ഷികളെയും കൂട്ടി സംഭവസ്ഥലങ്ങൾ സന്ദർശിച്ചത് എന്തിനുവേണ്ടിയായിരുന്നു എന്നു 2013, ജനുവരി 6-ന് വള്ളിക്കാട്ടും, ഓർക്കാട്ടേരിയിലും സന്ദർശനം നടത്തിയ അന്വേഷണസംഘത്തിൽ ആരെല്ലാം ഉണ്ടായിരുന്നുവെന്നും വിശദമാക്കുമോ ;

(സി) ഈ സന്ദർശനം ചിത്രീകരിച്ചെന്ന് ആരോപിച്ച് ആരുടെയെങ്കിലും മൊബൈൽ ഫോൺ ഡി.വൈ.എസ്.പി. ജോസി ചെറിയാൻ തട്ടിയെടുക്കുകയുണ്ടായോ ; എങ്കിൽ, ഫോൺ ആരുടേതായിരുന്നു ;

(ഡി) ഇത് സംബന്ധിച്ച് ഫോണിന്റെ ഉടമ നല്കിയ സ്വകാകര്യ അന്യായത്തിൽ വടകര മജിസ്ട്രേറ്റ് നൽകിയ ഉത്തരവ് എന്തായിരുന്നു ; ഉത്തരവ് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

ടി. പി. ചന്ദ്രശേഖരൻ വധകേസ്

267 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ടി. പി. ചന്ദ്രശേഖരൻ വധക്കേസിന്റെ അന്വേഷണ ഉദ്യോഗസ്ഥനായ വടകര ഡി.വൈ.എസ്.പി.യും സംഘവും, സ്പെഷ്യൽ പ്രോസിക്യൂട്ടറും കേസിലെ സാക്ഷികളും ഒന്നിച്ച് വിചാരണ തുടങ്ങുന്നതിന് ദിവസങ്ങൾക്കുമുമ്പ് സംഭവസ്ഥലം സന്ദർശിച്ചിരുന്നോ ;

(ബി) ഇത് എന്ത് ഉദ്ദേശത്തോടെയാണെന്നും, മറ്റ് കേസുകളിൽ ഇത്തരം സന്ദർശനങ്ങൾ ഉണ്ടായിട്ടുണ്ടോയെന്നും വ്യക്തമാ
ക്കുമോ ;

(സി) ഈ സന്ദർശനം നിയമപരമായി ശരിയായ നടപടിയാണോ ; അല്ലെങ്കിൽ, ബന്ധപ്പെട്ടവരുടെ പേരിൽ നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത സന്ദർശനം ഏതെങ്കിലും വ്യക്തി മൊബൈൽ ക്യാമറയിൽ പകർത്തിയിരുന്നോ ; ഈ മൊബൈൽ അന്വേഷണ ഉദ്യോഗസ്ഥരോ, ഈ സംഘത്തിലുണ്ടായിരുന്ന ആരെങ്കിലുമോ പിടിച്ചെടുത്തിരുന്നോ ;

(ഇ) അന്വേഷണ ഉദ്യോഗസ്ഥനായ ഡി.വൈ.എസ്.പി.യുടെ വീട് റെയ്ഡ് ചെയ്ത് പ്രസ്തുത മൊബൈൽ ഫൊൺ പിടിച്ചെടുക്കണമെന്ന് ഏതെങ്കിലും കോടതി, എസ്.പി.ക്ക് ഉത്തരവ് കൊടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ, ഈ ഉത്തരവ് നടപ്പിലാക്കിയിട്ടുണ്ടോയെന്നും, ഇല്ലെങ്കിൽ, എന്ത് കൊണ്ടാണ് നടപ്പിലാക്കാതിരുന്നത് എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>സൂര്യനെല്ലി കേസ്</u>

268 ശ്രീ. എ. കെ. ബാലൻ
,, കെ. കെ. ജയചന്ദ്രൻ
,, രാജു എബ്രഹാം
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സൂര്യനെല്ലി കേസ് അട്ടിമറിക്കാൻ ശ്രമം നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സൂപ്രീംകോടതിയിലെ കേസ് ഏറ്റവും ഒടുവിൽ പരിഗണനയ്ക്ക് എടുത്തപ്പോൾ പീഡിപ്പിക്കപ്പെട്ട പെൺക്കുട്ടിയ്ക്ക് വേണ്ടി വാദിക്കേണ്ട സർക്കാർ അഭിഭാഷകൻ ഹാജരാകുകയുണ്ടായോ ;

(സി) കേസ് അനിശ്ചിതമായി നീണ്ടുപോകുന്നതിൽ സുപ്രിം കോടതി അതൃപ്തി രേഖപ്പെടുത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>സ്ത്രീസുരക്ഷ</u>

269 ശ്രീ. എ.കെ.ബാലൻ
ശ്രീമതി കെ.കെ.ലതിക
ഡോ. കെ.ടി.ജലീൽ
ശ്രീ. സി. കെ.സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്ക് തുല്യതയും നീതിയും ഉറപ്പുവരുത്തുന്നതിനും സ്ത്രീകളെക്കുറിച്ചുളള പുരുഷാധിപത്യ സാമൂഹ്യവീക്ഷണങ്ങൾ ഇല്ലാതാക്കുന്നതിനും സർക്കാർ തലത്തിൽ എന്തെല്ലാം കാര്യങ്ങൾ നിർവ്വഹിക്കേണ്ടതുണ്ടെന്ന് സർക്കാർ ആലോചിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ലൈംഗികാതിക്രമങ്ങളും സ്ത്രീകൾക്കെതിരായ ആക്രമണങ്ങളും തടയുന്നതിനുളള നിയമങ്ങൾ കർശനമാക്കാൻ സർക്കാർ തയ്യാറാകുമോ;

(സി) ഇതിനായി പോലീസ് സംവിധാനം ഏതെല്ലാം നിലയിൽ മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നു;

(ഡി) പോലീസ് സംവിധാനത്തിൽ നിന്നും സ്ത്രീകൾക്കെതിരെ ഉണ്ടായിക്കൊണ്ടിരിക്കുന്ന അതിക്രമങ്ങളിൽ കുറ്റക്കാരായവരുടെ പേരിൽ മാതൃകാപരമായ ശിക്ഷ നൽകാൻ സർക്കാർ തയ്യാറാകുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>സ്ത്രീകളുടെ സുരക്ഷയ്ക്കായുള്ള നിയമനിർമ്മാണം</u>

270 ശ്രീ. തോമസ് ചാണ്ടി
,, എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും, സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും പുതിയ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നിയമത്തിൽ ഉൾപ്പെടുത്തേണ്ട വ്യവസ്ഥകൾ സംബന്ധിച്ച് എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത്;

(സി) പ്രസ്തുത നിയമ നിർമ്മാണവുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളുടെയും പ്രമുഖ വനിതാ സംഘടനകളുടെയും പ്രതിനിധികളുമായി ചർച്ച നടത്തുമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>സ്ത്രീകൾക്ക് എതിരെയുള്ള പീഡനവും അതിക്രമങ്ങളും</u>

271 ശ്രീ. കെ. സുരേഷ് കുറുപ്പ്
ശ്രീമതി. കെ. എസ്. സലീഖ
ശ്രീ. സി. കൃഷ്ണൻ
ശ്രീമതി. കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്ക് എതിരെയുള്ള പീഡനവും അതിക്രമങ്ങളും അസാധാരണമാം വിധം വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(ബി) ഈ സ്ഥിതിവിശേഷത്തിന് ഇടയാക്കിയ സാഹചര്യം ഇല്ലാതാക്കാനും ഫലപ്രദമായി നേരിടാനുള്ള മാർഗ്ഗവും കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് സ്ത്രീകൾക്കും കുട്ടികൾക്കും നേരെ നടന്ന വിവിധ തരത്തിലുള്ള കുറ്റകൃത്യങ്ങളുടെ എണ്ണം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) സ്ത്രീകൾ പകൽപോലും സുരക്ഷിതരല്ലാതായ അവസ്ഥയിൽ മാതൃകാപരമായി എന്തെല്ലാം സുരക്ഷാ നടപടികളാണ് പോലിസ് സേനയിലൂടെ സജ്ജമാക്കിയിട്ടുള്ളത്?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ</u>

272 ശ്രീ. കെ. ശിവദാസൻ നായർ
,, ബെന്നി ബഹനാൻ
,, ജോസഫ് വാഴക്കൻ
,, വി. ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ നേരിടുന്നതിന് എന്തെല്ലാം നടപടികളാണ് കൈകൊളളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി പുതിയ നിയമനിർമ്മാണം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) എന്തെല്ലാം കുറ്റങ്ങളും ശിക്ഷകളും ആണ് നിർദ്ദിഷ്ട നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട് എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ

273 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെ വർദ്ധിച്ചു വരുന്ന കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) രജിസ്റ്റർ ചെയ്യപ്പെടുന്ന കേസുകളിൽ അന്വേഷണത്തിനും തുടർനടപടികൾക്കുമായി വനിതാ ഓഫീസർമാർ ഉൾപ്പെടുന്ന ഒരു പ്രത്യേക ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>സ്ത്രീപീഡനക്കേസ്സുകൾ</u>

274 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകളെ പീഡിപ്പിച്ചതോ, പീഡിപ്പിക്കാൻ ശ്രമിച്ചതോ ആയ എത്ര കേസ്സുകൾ സംസ്ഥാനത്തെ പോലീസ് സേനയിലുള്ളവർക്കെതിരെ ഉണ്ടായിട്ടുണ്ട്;

(ബി) രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകൾ എത്ര;

(സി) എത്രപേർക്കെതിരെ നടപടി സ്വീകരിക്കുകയുണ്ടായി; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>സ്ത്രീപീഡനം</u>

275 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെ നടന്ന പീഡനങ്ങളുടെയും അതിക്രമങ്ങളുടെയും പേരിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിച്ചതിന്റെ പേരിൽ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇവയിൽ അന്വേഷണം പൂർത്തിയാക്കിയ കേസുകൾ എത്രയാണെന്നും അന്വേഷണം പൂർത്തിയാക്കുവാൻ അവശേഷിക്കുന്നവ എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) സമീപകാല സംഭവങ്ങളെ തുടർന്ന് സ്ത്രീകൾക്കും പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കുമെതിരെ നടക്കുന്ന പീഡന കേസുകൾ സമയ ബന്ധിതമായി അന്വേഷണം പൂർത്തിയാക്കി കോടതിക്കു മുമ്പാകെ കുറ്റപ്പത്രം സമർപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2013–ലെ മറുപടിക്ക്

<u>സ്ത്രീപീഢനകേസ്സുകളും വിചാരണയും</u>

276 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീ പീഡനങ്ങളും മറ്റും പെരുകുന്ന സാഹചര്യത്തിൽ, ആയത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) സ്ത്രീപീഡനക്കേസ്സുകൾ വിചാരണ ചെയ്യുന്നതിന് മാത്രമായി എല്ലാ ജില്ലകളിലും പ്രത്യേക കോടതി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്ത് നിലവിൽ ഇത്തരം എത്ര കേസുകളാണ് കെട്ടികിടക്കുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>സ്ത്രീകൾക്കെതിരെ നടന്ന കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട കേസുകൾ</u>

277 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2010-2011, 2011-12, 2012-13 -ൽ നാളിതുവരെയും കേരളത്തിൽ, സ്ത്രീകൾക്കെതിരെ നടന്ന കുറ്റകൃത്യങ്ങളുടെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന്, ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിലെ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ കൊലപാതകങ്ങൾ, ബലാൽസംഗങ്ങൾ, മാനഭംഗപ്പെടുത്തലുകൾ, മറ്റ് പീഢനങ്ങൾ എത്ര എന്ന് ഇനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത കാലയളവിലെ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കെതിരെ നടന്ന കുറ്റകൃത്യങ്ങൾ ഓരോ വർഷവും എത്ര വീതമാണെന്നു വ്യക്തമാക്കുമോ;

(ഡി) 2011-2012 ലും 2012-2013 ലും നാളിതുവരെ രജിസ്റ്റർ ചെയ്ത ലൈംഗിക പീഡന കേസ്സുകൾ ആകെ എത്രയെന്നും അതിൽ എത്ര കേസ്സുകൾ കോടതികളിൽ എത്തിച്ചു വിചാരണ പൂർത്തീകരിച്ചുവെന്നും എത്ര കേസ്സുകളിൽ പ്രതികൾക്ക് ശിക്ഷ ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

## സ്ത്രീപീഡനകേസ്സുകൾ

278 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 2011, ജൂൺ 1 മുതൽ 2012, ഡിസംബർ 31വരെ സംസ്ഥാനത്ത് എത്ര സ്ത്രീ പീഡനകേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇവയിൽ, ബലാൽസംഗകേസ്സുകൾ എത്ര;

(സി) പ്രസ്തുത കേസ്സുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാകുമോ ?

## കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>സ്ത്രീപീഡനക്കേസ്സുകള്‍</u>

279 ശ്രീ. കോടിയേരി ബാലകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്ന് നാളിതുവരെ എത്ര സ്ത്രീപീഡനക്കേസ്സുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ടെന്നു വിശദമാക്കാമോ;

(ബി) ഈ കാലയളവില്‍ പ്രായപൂര്‍ത്തിയാകാത്ത പെണ്‍കുട്ടികള്‍ക്കു നേരെയുള്ള ലൈംഗികാതിക്രമങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസ്സുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ടെന്നു വിശദമാക്കുമോ;

(സി) ഈ കാലയളവില്‍ എത്ര ബലാത്സംഗക്കേസ്സുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ടെന്നു വെളിപ്പെടുത്താമോ;

(ഡി) ഈ കാലയളവില്‍ പീഡനങ്ങളില്‍ എത്ര സ്ത്രീകള്‍ കൊല്ലപ്പെട്ടിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

(ഇ) 2012, ഡിസംബര്‍ 22 മുതല്‍ 2013 ജനുവരി 22 വരെ സംസ്ഥാനത്ത് എത്ര സ്ത്രീപീഡനക്കേസ്സുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ടെന്നു വിശദമാക്കുമോ?

**കേരള നിയമസഭ**
**04.02.2013–ലെ മറുപടിക്ക്**

<u>സ്ത്രീധനപീഢന മരണങ്ങൾ</u>

280 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ വർഷം സ്ത്രീധനത്തിന്റെ പേരിൽ ജീവൻ അപഹരിച്ച സംഭവങ്ങൾ എത്രയാണ് ഉണ്ടായതെന്ന് വ്യക്തമക്കുമോ;

(ബി) കഴിഞ്ഞ അഞ്ചു വർഷത്തിൽ ഓരോ വർഷവും ഉണ്ടായിരുന്നത് എത്രയായിരുന്നു;

(സി) ഏറ്റവും കൂടുതൽ സ്ത്രീധനമരണം റിപ്പോർട്ട് ചെയ്യപ്പെട്ടത് ഏത് ജില്ലയിൽനിന്നാണ്;

(ഡി) സ്ത്രീധനത്തിന്റെ പേരിലുള്ള പീഢനങ്ങൾ സംബന്ധിച്ച കഴിഞ്ഞ രണ്ട് വർഷം സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകൾ എത്ര ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ

281 ശ്രീ. കെ. ശിവദാസൻ നായർ
,, ഐ. സി. ബാലകൃഷ്ണൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ നേരിടുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ;

(ബി) ഇതിനായി പുതിയ നിയമനിർമ്മാണം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) എന്തെല്ലാം കുറ്റങ്ങളും ശിക്ഷകളുമാണ് നിർദ്ദിഷ്ട നിയമത്തിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി, എന്തെല്ലാം പ്രാരംഭ നടപടികൾ എടുത്തിട്ടുണ്ട് ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>കുട്ടികൾക്കെതിരെയുള്ള ലൈംഗിക ചൂഷണം</u>

282 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാറിന്റെ കാലയളവിൽ, കുട്ടികൾക്കെതിരെയുള്ള ലൈംഗിക ചൂഷണവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വാർഷിക ക്രമത്തിൽ അറിയിക്കുമോ;

(ബി) ഇതിൽ, എത്ര കേസ്സിൻമേൽ അന്വേഷണം കഴിഞ്ഞ് നടപടി പൂർത്തിയായിട്ടുണ്ടെന്നും അതിൽ എത്ര പ്രതികൾ ശിക്ഷണ നടപടികൾക്ക് വിധേയരായിയെന്നും വ്യക്തമാക്കുമോ;

(സി) കുട്ടികൾക്കെതിരെ വ്യാപകമാകുന്ന ലൈംഗിക ചൂഷണവും മറ്റും നിയന്ത്രിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് ഈ സർക്കാർ പുതിയതായി സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ഡി) ഇത്തരം കേസ്സിന്മേലുള്ള കാലതാമസം ഒഴിവാക്കുന്നതിന് പ്രത്യേക അതിവേഗ തീർപ്പ് കോടതികൾക്കുവേണ്ടിയുള്ള പരിശ്രമം ഉണ്ടാകുമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള പീഢനങ്ങൾക്ക് കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള ചുമതല</u>

283 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള പീഢനങ്ങൾക്ക് പോലീസ് സ്റ്റേഷനുകളിൽ പരാതി ലഭിച്ചാൽ മൊഴി രേഖപ്പെടുത്തി കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള ചുമതല ആർക്കാണ്;

(ബി) ഈ ചുമതലയുള്ളവർ സംസ്ഥാനത്ത് എല്ലാ പോലീസ് സ്റ്റേഷനുകളിലുമുണ്ടോ;

(സി) ചുമതലയുള്ളവർ ഇല്ലാത്ത പക്ഷം അവരെ എല്ലാ സ്റ്റേഷനുകളിലും നിയമിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>കാഞ്ഞങ്ങാട് ട്യൂഷൻ സെന്ററിൽ വച്ചു നടന്ന പീഡനക്കേസ്സ്</u>

284 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് ട്യൂഷൻ സെന്ററിൽ വച്ചു നടന്ന പീഡനക്കേസ്സ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) ഈ കേസ്സിൽ ഇനി ആരെങ്കിലും പിടിക്കപ്പെടാനുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) മേൽ കേസ്സ് സംബന്ധിച്ച് ബഹു. ഹൈക്കോടതി എന്തെങ്കിലും നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഇ) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

## കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>ബദിയടുക്കയിലെ പീഡനകേസ്</u>

285 ശ്രീ. എന്‍. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ബദിയഡുക്ക പോലീസ് സ്റ്റേഷന്‍ പരിധിയില്‍പ്പെട്ട ബാലടുക്ക എന്ന സ്ഥലത്ത് നഫീസത്ത് സഫ്രീന എന്ന പെണ്‍കുട്ടിയെ തട്ടിക്കൊണ്ടുപോയി പീഢിപ്പിച്ച സംഭവം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഈ സംഭവത്തില്‍ കേസ്സ് രജിസ്റ്റര്‍ ചെയ്തിട്ടുണ്ടോ; എങ്കില്‍ ഏത് വകുപ്പുകള്‍ അനുസരിച്ചാണ് കേസ്സ് എടുത്തിട്ടുള്ളത്; പ്രതികള്‍ ആരെല്ലാമാണ്;

(സി) എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(ഡി) കേസ്സന്വേഷണത്തില്‍ വീഴ്ച സംഭവിച്ചിട്ടുണ്ടെന്നാക്ഷേപിച്ച് നാട്ടുകാരുടെ ആക്ഷന്‍ കമ്മിറ്റി നിലവില്‍വന്ന സാഹചര്യത്തില്‍, കേസ്സന്വേഷണം മറ്റൊരു ഏജന്‍സിയെ ഏല്‍പ്പിക്കാന്‍ ആലോചനയുണ്ടോ ?

# കേരള നിയമസഭ
## 04.02.2013–ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിലെ സ്ത്രീപീഡനക്കേസുകൾ</u>

286 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കാസർകോട് ജില്ലയിൽ ആകെ എത്ര സ്ത്രീ പീഢനക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഇവ, ഏതെല്ലാമാണെന്നും അറിയിക്കാമോ;

(ബി) ഈ കേസുകളിൽ ആകെ എത്ര പേരെയാണ് അറസ്റ്റ് ചെയ്തതെന്നും ഇനിയെത്രപേരെ അറസ്റ്റു ചെയ്യാനുണ്ടെന്നും അറിയിക്കാമോ;

(സി) ഇതിൽ, എത്ര കേസുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) കാസർകോട് ജില്ലയിൽ സ്ത്രീപീഢനക്കേസുകളിൽ ഇതുവരെയായി എത്ര പേരെ ശിക്ഷിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>പാങ്ങപ്പാറ ആനന്ദ് കൊലക്കേസ്</u>

287 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്നു മാഫിയാ സംഘം തിരുവനന്തപുരം നഗരത്തിൽ തുമ്പ പൗണ്ട്കടവ് ചിത്തിര നഗറിൽ വെച്ച് പാങ്ങപ്പാറ സ്വദേശിയും പോളി ടെക്നിക്ക് വിദ്യാർത്ഥിയുമായ ആനന്ദിനെ വെട്ടിക്കൊലപ്പെടുത്തിയത് സംബന്ധിച്ച പോലീസ് അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) മയക്കുമരുന്നു മാഫിയാ സംഘത്തിലെ എത്രപേരെ പോലീസ് അറസ്റ്റുചെയ്ത് റിമാൻഡ് ചെയ്യുകയുണ്ടായി; പ്രതികളിൽ, ഇനിയും അറസ്റ്റ് ചെയ്യാൻ കഴിയാത്തവർ ആരൊക്കെ;

(സി) കൊലചെയ്യപ്പെട്ട ആനന്ദിന്റെ വീട് മുഖ്യമന്ത്രിയും ആഭ്യന്തരവകുപ്പുമന്ത്രിയും സന്ദർശിക്കുകയുണ്ടായോ; സംഭവം സംബന്ധിച്ച് എന്തെങ്കിലും പ്രസ്താവന നടത്തുകയുണ്ടായോ;

(ഡി) ആനന്ദിന്റെ പോസ്റ്റ്മോർട്ടം നടത്തിയത് എവിടെവെച്ചായിരുന്നു; ആഭ്യന്തര വകുപ്പുമന്ത്രി പോസ്റ്റ്മോർട്ടം നടത്തിയ ദിവസം ആശുപത്രി സന്ദർശിക്കുകയുണ്ടായോ?

## കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

ഭൂസംരക്ഷണ സമരം

288 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത്, 2013 ജനുവരി 1 മുതൽ വിവിധ കേന്ദ്രങ്ങളിൽ ആരംഭിച്ച ഭൂസംരക്ഷണ സമരത്തിൽ പങ്കെടുത്തവർ എത്രയാണെന്നും, എത്രപേരെ പോലിസ് അറസ്റ്റ് ചെയ്യുകയുണ്ടായെന്നും, എത്ര പേർക്കെതിരെ കേസുകൾ എടുക്കുകയുണ്ടായിട്ടുണ്ടെന്നും വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം ഭൂമികളിലാണ് ഭൂസംരക്ഷണ സമിതി സമരം നടത്തിയതെന്നും, ഓരോ സമര കേന്ദ്രത്തിലും സമരം ആരംഭിച്ചത് മുതൽ ഓരോ ദിവസവും സമരത്തിൽ പങ്കെടുത്തവർ എത്രയാണെന്നും, ഓരോ കേന്ദ്രത്തിലും എത്രപേർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായിട്ടുണ്ടെന്നും വിശദമാക്കാമോ ?

# കേരള നിയമസഭ
# 04.02.2013–ലെ മറുപടിക്ക്

## ഭൂസംരക്ഷണ സമരവുമായി ബന്ധപ്പെട്ട കേസുകൾ

289 ശ്രീ. ഇ.പി.ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂസംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ കേരളത്തിലാകെ നടന്ന ഭൂസമരവുമായി ബന്ധപ്പെട്ട് സമര വോളന്റീയർമാർക്കെതിരെ 2013 ജനുവരി 1 മുതൽ പതിനാറു വരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(ബി) രജിസ്റ്റർ ചെയ്ത കേസുകളുടെ ജില്ല തിരിച്ചുള്ളതും പോലീസ് സ്റ്റേഷൻ തിരിച്ചുള്ളതുമായ കേസുകളുടെ എണ്ണം ക്രൈം നമ്പർ സഹിതം വ്യക്തമാക്കുമോ;

(സി) രജിസ്റ്റർ ചെയ്ത കേസുകളിൽ പോലീസ് സ്വമേധയാ എടുത്ത കേസ്സുകൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ;

(ഡി) ഭൂസമരവുമായി ബന്ധപ്പെട്ട് സമര വോളന്റീയർമാർക്കെതിരെ ഏതെങ്കിലും വ്യക്തികളോ സ്ഥാപനങ്ങളോ സംഘടനകളോ പരാതി നൽകിയിട്ടുണ്ടോയെന്നും അതിന്റെ അടിസ്ഥാനത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഏതെല്ലാം പോലീസ് സ്റ്റേഷനുകളിൽ ആരൊക്കെ നൽകിയ പരാതികളുടെ അടിസ്ഥാനത്തിലാണ് അത്തരം കേസ്സുകൾ രജിസ്റ്റർ ചെയ്തതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ജീവനക്കാരുടെ പണിമുടക്കുമായി ബന്ധപ്പെട്ട കേസുകള്‍</u>

290 **ശ്രീ. മുല്ലക്കര രത്നാകരന്‍**

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) 2013 ജനുവരി 8 മുതല്‍ നടന്ന സര്‍ക്കാര്‍ ജീവനക്കാരുടെ അനിശ്ചിതകാല പണിമുടക്കുമായി ബന്ധപ്പെട്ട് എത്ര കേസ്സുകള്‍ രജിസ്റ്റര്‍ ചെയ്തിട്ടുണ്ട്;

(ബി) എത്ര ജീവനക്കാര്‍ പ്രതികളായിട്ടുണ്ട്;

(സി) എത്ര കേസ്സുകള്‍ പിന്‍വലിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

ജീവനക്കാരുടെ പണിമുടക്കുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ

291 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒരു വിഭാഗം ജീവനക്കാർ കഴിഞ്ഞ ജനുവരി 8 മുതൽ നടത്തിയ പണിമുടക്കിനെ തുടർന്ന് കുട്ടികളുടെയും അദ്ധ്യാപകരുടെയും മേൽ നായ്ക്കൊരണപൊടി വിതറുക, ജീവനക്കാരുടെ മേൽ കരിഓയിൽ ഒഴിക്കുക എന്നിവ സംബന്ധിച്ച് എത്ര കേസ്സുകൾ എടുത്തിട്ടുണ്ട്;

(ബി) സ്ത്രീകളെയും കുട്ടികളെയും ആക്രമിക്കുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്ത എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഈ കേസ്സുകളിൽ എത്ര പേർ പ്രതികളാണ്; എത്ര പേരെ അറസ്റ്റ് ചെയ്തുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2013–ലെ മറുപടിക്ക്

<u>പണിമുടക്കിയ ജീവനക്കാരെ ക്രിമിനൽ കേസിൽപ്പെടുത്തിയ നടപടി</u>

292 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 8.01.2013 മുതൽ 14.01.2013 വരെ പണിമുടക്കിയ ജീവനക്കാരിൽ ചിലരെ കള്ളക്കേസുണ്ടാക്കി ക്രിമിനൽ കേസിൽപെടുത്തുകയും അച്ചടക്കനടപടികൾക്ക് വിധേയമാക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പിക്കറ്റിംഗ് നടത്തിയ ജീവനക്കാർക്കെതിരെ 353 –ാം വകുപ്പു പ്രകാരം കേസ്സെടുത്തത് ഉചിതമായ നടപടിയാണോ; ഇത് പുന:പരിശോധിക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

പണിമുടക്കിൽ പങ്കെടുത്തവർക്കെതിരെയുള്ള കേസ്സുകൾ

293 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ നടപ്പിലാക്കുന്നതിനെതിരെ ജനുവരി 8 മുതൽ സംസ്ഥാന ജീവനക്കാരും അദ്ധ്യാപകരും നടത്തിയ പണിമുടക്കിനെത്തുടർന്ന്, പണിമുടക്കിൽ പങ്കെടുത്തവർക്കെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഓരോ കേസ്സിലും ചുമത്തപ്പെട്ട കുറ്റങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പണിമുടക്കിനെത്തുടർന്ന് എത്ര ജീവനക്കാരെ അറസ്റ്റു ചെയ്തുവെന്നും എത്രപേരെ സസ്പെൻഡ് ചെയ്തുവെന്നും എത്രപേരെ സ്ഥലംമാറ്റിയെന്നും എത്രപേർക്കെതിരെ മറ്റ് നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) സമരം ഒത്തുതീർന്നതിനെത്തുടർന്ന് എത്രകേസ്സുകളും നടപടികളും പിൻവലിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഇനിയും ഏതൊക്കെ ജീവനക്കാർക്കെതിരെയുള്ള കേസ്സും നടപടികളും പിൻവലിക്കാനുണ്ടെന്നും പിൻവലിക്കാത്തതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>ശ്രീകാന്ത് മോഹനന്റെ മരണം സംബന്ധിച്ച</u>
<u>അന്വേഷണം</u>

294 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള ഫോറസ്റ്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ വെട്ടി എസ്റ്റേറ്റിൽ ഫീൽഡ് ഓഫീസറായി ജോലി ചെയ്തു വന്ന ശ്രീകാന്ത് മോഹനന്റെ മരണം സംബന്ധിച്ച അന്വേഷണം ആരംഭിച്ചിട്ടുണ്ടോ;

(ബി) ഏത് ഏജൻസിയെയാണ് അന്വേഷണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്; അന്വേഷണ പുരോഗതി വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>അടിയന്തിരാവസ്ഥക്കാലത്തെ രാഷ്ട്രീയ തടവുകാർ</u>

295 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അടിയന്തിരാവസ്ഥക്കാലത്ത്, കേരളത്തിൽ എത്രപേരെ രാഷ്ട്രീയ തടവുകാരായി ജയിലിൽ അടച്ചിട്ടുണ്ട്;

(ബി) ഇതിൽ, എത്രപേരെ ക്രിമിനൽ കുറ്റങ്ങൾ ആരോപിച്ച് ശിക്ഷിച്ചിട്ടുണ്ട്;

(സി) അടിയന്തിരാവസ്ഥക്കാലത്ത് എത്രപേരെ സിവിൽ നിയമലംഘനങ്ങൾക്ക് അറസ്റ്റ് ചെയ്തു ജയിലിലടച്ചിട്ടുണ്ട്;

(ഡി) അടിയന്തിരാവസ്ഥക്കാലത്ത് ജാമ്യമില്ലാത്ത വകുപ്പുകൾ പ്രകാരം എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>ക്രിമിനല്‍ കേസ്സുകള്‍ പിന്‍വലിച്ചുകൊണ്ടുള്ള ഉത്തരവ്</u>

296 ശ്രീ. കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരത്തില്‍വന്നതിനുശേഷം നാളിതുവരെ എത്ര ക്രിമിനല്‍ കേസ്സുകള്‍ പിന്‍വലിക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി;

(ബി) കേസ്സ് പിന്‍വലിച്ചുകിട്ടുന്നതിനായുള്ള എത്ര അപേക്ഷകള്‍ സര്‍ക്കാരിന്റെ പരിഗണനയിലിരിക്കുന്നുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>കണ്ണൂര്‍ സര്‍വ്വകലാശാലയിലെ ഉത്തരക്കടലാസ് മോഷണം</u>

297 ശ്രീ. സി. കൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കണ്ണൂര്‍ സര്‍വ്വകലാശാലയില്‍നിന്നും ഡിസംബര്‍ മാസത്തില്‍ ഉത്തരക്കടലാസ് സൂക്ഷിച്ച വാനില്‍നിന്നും ഉത്തരക്കടലാസ് മോഷ്ടിക്കപ്പെട്ട സംഭവത്തില്‍ പോലീസ് അന്വേഷണം ആരംഭിച്ചത് എന്നാണ്;

(ബി) ഇത് സംബന്ധിച്ച അന്വേഷണം ഏതുവരെയായി; പ്രതികളെ കണ്ടെത്തിയിട്ടുണ്ടോ; എങ്കില്‍ ആരാണ് അവര്‍;

(സി) 2010-ല്‍ കണ്ണൂര്‍ സര്‍വ്വകലാശാലയിലെ പ്രഥമ ക്രെഡിറ്റ് & സെമസ്റ്റര്‍ പരീക്ഷയുടെ മൂല്യനിര്‍ണ്ണയം ചെയ്ത ഉത്തരക്കടലാസ് കാണാതായ സംഭവത്തില്‍ ക്രൈംബ്രാഞ്ച് അന്വേഷണം പൂര്‍ത്തിയായോ;

(ഡി) ഇല്ലെങ്കില്‍, അന്വേഷണ പുരോഗതി വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>സദാചാരപോലീസ്</u>

298 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സദാചാര പോലീസ് ചമഞ്ഞതായ എത്ര കേസ്സുകൾ ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെടുകയുണ്ടായിട്ടുണ്ട്;

(ബി) പോലീസ് എത്രയാളുകളുടെ പേരിൽ, എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) പ്രതികളിൽ ഇനിയും അറസ്റ്റ് ചെയ്യപ്പെട്ടിട്ടില്ലാത്തവർ എത്ര?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>ഭൂസംരക്ഷണ സമിതിയുടെ സമരം</u>

299 ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഭൂ സംരക്ഷണ സമിതിയുടെ നേതൃത്വത്തില്‍ 2013, ജനുവരി 1 മുതല്‍ പതിനാല് ജില്ലകളിലായി നടന്നുവന്ന സമരം സര്‍ക്കാരിന്റെ ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) പതിനാല് ജില്ലകളിലെ ഓരോ സമരകേന്ദ്രങ്ങളിലും എത്ര പേര്‍ വീതം സമരത്തില്‍ പങ്കെടുക്കുകയുണ്ടായെന്ന് വിശദമാക്കാമോ;

(സി) സമരത്തില്‍ ഏര്‍പ്പെട്ട വോളന്റിയര്‍മാര്‍ക്കെതിരെ പോലീസ് കേസെടുത്തിട്ടുണ്ടോ എന്നും□ എങ്കില്‍, ഏതെല്ലാം വകുപ്പുകള്‍ പ്രകാരമാണെന്നും എത്ര പേര്‍ക്കെതിരെയെന്നും എത്ര പേരെ പോലീസ് അറസ്റ്റു ചെയ്ത് നീക്കുകയുണ്ടായിയെന്നും റിമാന്റ് ചെയ്യപ്പെട്ടവര്‍ എത്രയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>വിലക്കയറ്റത്തിനെതിരെ സമരം നടത്തിയവർക്കെതിരെയുള്ള അറസ്റ്റ്</u>

300 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേ വരെ സംസ്ഥാനത്താകെ വിലക്കയറ്റത്തിനെതിരെ സമരം നടത്തിയ എത്രയാളുകളെ പോലീസ് അറസ്റ്റ് ചെയ്യുകയുണ്ടായി ; എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>പുതിയ പോലീസ് സ്റ്റേഷനുകൾ</u>

301 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എവിടെയെല്ലാമാണ് പുതിയതായി പോലീസ് സ്റ്റേഷനുകൾ തുടങ്ങുവാൻ ഗവൺമെന്റിന് ശുപാർശ ലഭിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത ശുപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

### ആയഞ്ചേരിയിൽ പുതിയ പോലീസ് സ്റ്റേഷൻ

302 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത്, പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) കുറ്റ്യാടി മണ്ഡലത്തിലെ, ആയഞ്ചേരിയിൽ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>തീരദേശ പോലീസ് സ്റ്റേഷൻ</u>

303 ശ്രീ. കെ.വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേറ്റുവയിൽ തീരദേശ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(ബി) കേരളത്തിൽ, ഇതിനകം എത്ര തീരദേശ സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്;

(സി) ബോട്ട് ഓടിക്കുന്നതിനും നീന്തൽ പരിശീലിപ്പിക്കുന്നതിനും കേരള പോലീസിന് പരിശീലനം നൽകുന്നുണ്ടോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>വനിതാ പോലീസ് സ്റ്റേഷൻ</u>

304 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വനിതാ പോലീസ് സ്റ്റേഷനുകളാണ് നിലവിലുള്ളത് ;

(ബി) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും വനിതാ പോലീസ് ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ടോ ;

(സി) എത്ര പോലീസ് സ്റ്റേഷനുകളിലാണ് വനിതാ പോലീസ് ഓഫീസർമാരെ നിയോഗിക്കുവാൻ ബാക്കിയുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത സ്റ്റേഷനുകളിൽ വനിതാ പോലീസ് ഓഫീസർമാരെ നിയമിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>അച്ചന്‍കോവിലില്‍ നിലവിലുള്ള പോലീസ് ഔട്ട് പോസ്റ്റ്</u>

305 ശ്രീ. കെ രാജു

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

പുനലൂര്‍ നിയോജക മണ്ഡലത്തില്‍ ഉള്‍പ്പെട്ട അതിര്‍ത്തി പ്രദേശമായ അച്ചന്‍കോവിലില്‍ നിലവിലുള്ള പോലീസ് ഔട്ട് പോസ്റ്റ് ഈ മേഖലയുടെ പ്രത്യേക പ്രാധാന്യം പരിഗണിച്ച് പോലീസ് സ്റ്റേഷന്‍ ആയി ഉയര്‍ത്തുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>റാന്നി പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം</u>

306 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി പോലീസ് സ്റ്റേഷന് വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഇതിന്റെ നിർമ്മാണചുമതല ആരാണ് ഏറ്റെടുത്തിട്ടുള്ളതെന്നും നിർമ്മാണം എന്നു മുതൽക്കാണ് ആരംഭിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) എത്ര നാൾ കൊണ്ട് പൂർത്തിയാക്കാനാണ് കരാർ ഉണ്ടാക്കിയതെന്നും ഇതിനോടകം എന്തൊക്കെ നിർമ്മാണപ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്നും നിർമ്മാണ പുരോഗതിയും വിശദമാക്കാമോ;

(സി) ഇനിയും എന്തൊക്കെ നിർമ്മാണ പ്രവർത്തികളാണ് പൂർത്തീകരിക്കാൻ ഉള്ളതെന്നും ഇതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്നും, കരാർ കാലാവധിക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>പള്ളാതുരുത്തി പോലീസ് ഔട്ട്പോസ്റ്റ്</u>

307 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പള്ളാതുരുത്തി പോലീസ് ഔട്ട്പോസ്റ്റിൽ, പോലീസിന് 'ദുരിത ഡ്യൂട്ടി' എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇക്കാര്യത്തിൽ, എന്തു നടപടി കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) അടിസ്ഥാന സൗകര്യങ്ങൾ ഒന്നുമില്ലാതെ പ്രവർത്തിക്കുന്ന പോലീസ് ഔട്ട് പോസ്റ്റ് കെട്ടിടം നവീകരിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>പുത്തൂർ പോലീസ് സ്റ്റേഷൻ</u>

308 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃശ്ശൂരിലെ പുത്തൂരിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>പോലീസ് എയ്ഡ് - പോസ്റ്റ് സാമൂഹ്യ വിരുദ്ധർ തല്ലിത്തകർത്ത സംഭവം</u>

309 ശ്രീ. മാത്യു റ്റി. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മല്ലപ്പള്ളി ബസ് സ്റ്റാൻഡിനോട് ചേർന്നുള്ള പോലീസ് എയ്ഡ്-പോസ്റ്റ്, സാമൂഹ്യ വിരുദ്ധർ, തല്ലിത്തകർത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പോലീസ് എയ്ഡ് - പോസ്റ്റിൽ നിന്നും ഒഴിഞ്ഞ മദ്യക്കുപ്പികളും ഗ്ലാസും കണ്ടെടുത്തത് സംബന്ധിച്ച് വകുപ്പ് തലത്തിൽ, എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) മല്ലപ്പള്ളി താലൂക്ക് വികസന സമിതിയിലും പത്തനംതിട്ട ജില്ലാതല പോലീസ് അഡൈ്വസറി യോഗങ്ങളിലും ഇതു സംബന്ധിച്ച് ഉന്നയിച്ച പരാതിയിൻമേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത സംഭവത്തിൽ, എന്തെങ്കിലും കേസുകൾ എടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>വനിതാ സബ് ഇൻസ്പെക്ടർക്ക് പോലിസ് സ്റ്റേഷന്റെ ചുമതല നൽകൽ</u>

310 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതാ സബ് ഇൻസ്പെക്ടർക്ക്, പോലീസ് സ്റ്റേഷൻ ചുമതല ഏൽപ്പിച്ചു നിയമനം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ, നിയമനം നൽകാത്തതിന്റെ കാരണം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>കേസ്സന്വേഷണങ്ങൾക്കായി പോലീസിൽ, പ്രത്യേക സ്ക്വാഡുകൾ</u>

311 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേസ്സന്വേഷണങ്ങൾക്കായി പോലീസിൽ, എത്ര പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്; ഓരോ സ്ക്വാഡിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇതിൽ എത്ര സ്ക്വാഡുകൾ നിശ്ചയിക്കപ്പെട്ട ചുമതലകൾ പൂർത്തിയാക്കി; അന്വേഷണത്തെത്തുടർന്ന് എന്തെല്ലാം തുടർനടപടികൾ സ്വീകരിച്ചു;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്തു നിയമിച്ച പ്രത്യേക അന്വേഷണ സ്ക്വാഡുകളിൽ, എത്രയെണ്ണം ഇപ്പോഴും പ്രവർത്തിക്കുന്നു; ഇതിൽ ഏതെല്ലാം സ്ക്വാഡുകളിൽ നിന്നും അന്വേഷണോദ്യോഗസ്ഥരെ ഈ സർക്കാർ വന്നതിനുശേഷം മാറ്റിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) അന്വേഷണത്തിനായി രൂപീകരിക്കുന്ന പ്രത്യേക സ്ക്വാഡുകളിൽപ്പെടുന്നതിനാൽ പോലീസ് ഉദ്യോഗസ്ഥരുടെ സാധാരണ കേസ്സന്വേഷണങ്ങൾ നീണ്ടുപോകുന്നതും, അതിലൂടെ കുറ്റവാളികൾ രക്ഷപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ, ഇതിന് എന്തു പരിഹാരമാർഗ്ഗമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>എഫ്. ഐ. ആര്‍ രജിസ്റ്റര്‍</u>

312 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യത്തിന്
ആഭ്യന്തരവും വിജിലന്‍സും
**വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

ഒരേ കേസില്‍ വര്‍ഷങ്ങള്‍ക്ക് ശേഷം രണ്ടാമത് എഫ്. ഐ. ആര്‍ രജിസ്റ്റര്‍ ചെയ്ത എത്ര കേസുകള്‍, ഈ സര്‍ക്കാരിന്റെ കാലത്തുണ്ടായിട്ടുണ്ട്; വിശദമാക്കാമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>വി.എസ്.ഡി.പി നേതാവിന്റെ പ്രസ്താവന</u>

313 **ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീ. ആർ. സെൽവരാജ് എം.എൽ.എ യു.ഡി.എഫ് ലേക്ക് കൂറുമാറിയതിൽ, നോട്ട്കെട്ടുകൾക്ക് പങ്കുണ്ടെന്നും അതിന്റെ സി.ഡി പുറത്തുവിടുമെന്നുമുള്ള വി.എസ്.ഡി.പി നേതാവ് വിഷ്ണുപുരം ചന്ദ്രശേഖരന്റെ പ്രസ്താവന, മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇക്കാര്യത്തിൽ, സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കുമോ; ഇതു സംബന്ധിച്ച് പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ പോലീസ് അന്വേഷണം നടത്തുകയുണ്ടായോ; കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും നേരെയുള്ള അതിക്രമങ്ങൾ</u>

314 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും വിദ്യാർത്ഥികൾക്കും നേരെ വർദ്ധിച്ച് വരുന്ന അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരക്കാരായ കുറ്റവാളികൾക്ക് കടുത്ത ശിക്ഷ നൽകാൻ നിയമനിർമ്മാണം നടത്തുവാൻ തയ്യാറാകുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ ആക്ട്.

315 ശ്രീ. എം.എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2007 ലെ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയൽ ആക്ട് (34-ാം മത് ആക്ട്) നിലവിൽ വന്നശേഷം അറസ്റ്റ് ചെയ്യപ്പെട്ടവരുടെയും ഇപ്പോഴും ജയിലിൽ കഴിയുന്നവരെയും സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത നിയമമനുസരിച്ച് സംസ്ഥാനത്ത് എത്രയാളുകൾക്കെതിരെ കേസ് എടുത്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ;

(സി) എത്ര കേസുകളിൽ അപ്പീൽ അതോറിറ്റി മുൻപാകെ ഹർജികൾ വന്നിട്ടുണ്ട്; അപ്പീൽ അതോരിറ്റി മുൻപാകെ വന്ന എത്ര ഹർജികളിൽ തീരുമാനം എടുക്കാൻ ബാക്കി നിൽപ്പുണ്ട്; അതോറിറ്റി ഹർജിക്കാരന് അനുകൂലമായും പ്രതികൂലമായും തീരുമാനം എടുത്ത കേസുകൾ എത്ര?

## കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

അമിത പലിശ ഈടാക്കൽ നിരോധന നിയമം

316 ശ്രീ. പി. കെ. ഗുരുദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമിത പലിശ ഈടാക്കൽ നിരോധന നിയമം നിലവിൽ വന്നതിനുശേഷം, നാളിതുവരെ പ്രസ്തുത നിയമ വ്യവസ്ഥ പ്രകാരം എത്ര കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുകയുണ്ടായി;

(ബി) നിയമവിരുദ്ധമായി പ്രവൃത്തിച്ച എത്ര പേർക്കെതിരെ കേസെടുക്കുകയുണ്ടായി;

(സി) എത്രപേരെ അറസ്റ്റ് ചെയ്ത് റിമാന്റിലാക്കി;

(ഡി) ബ്ലേഡ് പലിശ മാഫിയകളുടെ കൈകളിലേയ്ക്കെത്തുന്ന കള്ളപ്പണത്തെക്കുറിച്ചും അതിന്റെ സ്രോതസ്സുകളെക്കുറിച്ചും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ഇ) എത്ര പേർക്കെതിരെ കേസെടുത്ത് അറസ്റ്റ് ചെയ്യുകയുണ്ടായി ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>വിദേശ രാജ്യങ്ങളിലേക്ക് ആളുകളെ കയറ്റി അയക്കുന്ന സംഭവം</u>

317 ശ്രീ. എസ്.ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെടുമ്പാശ്ശേരി വിമാനത്താവളം വഴി, വിദേശ രാജ്യങ്ങളിലേക്ക് രേഖകളില്ലാതെ, ആളുകളെ കയറ്റി അയയ്ക്കുന്ന സംഭവത്തിൽ അന്വേഷണം പൂർത്തിയായോ;

(ബി) എങ്കിൽ, ആരൊക്കെയാണ് കുറ്റക്കാർ;

(സി) കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികളെന്തൊക്കെ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>കേരളത്തിലെ വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന മനുഷ്യക്കടത്തും ഭീകര പ്രവർത്തനവും</u>

318 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ച് നടക്കുന്ന മനുഷ്യക്കടത്തിനെക്കുറിച്ച് കേന്ദ്ര ഏജൻസികളായ എൻ.ഐ.എ, സി.ബി.ഐ, റോ തുടങ്ങിയവയെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് ഇന്റലിജൻസ് ബ്യൂറോ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, തുടർ നടപടികൾ എന്തായി എന്ന് വിശദമാക്കാമോ;

(ബി) ഭീകര പ്രവർത്തകരും കള്ളനോട്ട് കടത്തുകാരും കേരളത്തിലെ വിമാനത്താവളങ്ങൾ ഉപയോഗപ്പെടുത്തുന്നത് ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു;

(സി) ഭാവിയിൽ ഇതു തടയാൻ, എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>നെടുമ്പാശ്ശേരി വിമാനത്താവളത്തിലെ മനുഷ്യക്കടത്ത്</u>

319 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെടുമ്പാശ്ശേരി വിമാനത്താവളം കേന്ദ്രീകരിച്ച് നടന്ന മനുഷ്യക്കടത്തുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ, എത്ര പേർക്കെതിരെ; അവരുടെ പേരും തസ്തികയും വിശദമാക്കുമോ;

(സി) പ്രസ്തുത സംഭവവുമായി ഏതെങ്കിലും ട്രാവൽ ഏജൻസികൾക്ക് ബന്ധമുള്ളതായി വിവരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ, അവയുടെ പേരും സ്ഥലവും വിശദമാക്കുമോ;

(ഡി) കോതമംഗലം അധ്യാപകന്റെ കൈവെട്ടുകേസ് പ്രതികൾ വ്യാജ പാസ്പോർട്ടിൽ നെടുമ്പാശ്ശേരി വഴി രക്ഷപ്പെട്ടതായി വന്ന വാർത്ത ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ, അതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ എടുത്ത നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

മോട്ടോർ വാഹനങ്ങളിലെ ഗ്ലാസ്സുകളിലെ സുതാര്യത

320 ശ്രീ. സി. മമ്മൂട്ടി
,, എം. ഉമ്മർ
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹനങ്ങളിൽ നാലുവശത്തും ഘടിപ്പിച്ചിട്ടുള്ള ഗ്ലാസ്സുകൾ സുതാര്യമായിരിക്കണമെന്ന നിയമവ്യവസ്ഥ കർശനമായി നടപ്പാക്കണമെന്ന് ബഹുമാനപ്പെട്ട സുപ്രീം കോടതി നിഷ്കർഷിക്കാനിടയാക്കിയ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കർശന നിയമ വ്യവസ്ഥയും, സുപ്രീംകോടതി ഉത്തരവും ഉണ്ടായിട്ടും നിയമ ലംഘനം അതേപടി തുടരുന്നതിനു കാരണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) സർക്കാർ വാഹനങ്ങൾ നിയമലംഘനം നടത്തിയിട്ടും അധികൃതരുടെ ശ്രദ്ധയിൽപ്പെടാതിരിക്കാനുള്ള കാരണങ്ങൾ പരിശോധിച്ച് നടപടി സ്വീകരിക്കുമോ;

(ഡി) വ്യക്തമായ കാഴ്ച മറയുന്നതു മുഖേനയുള്ള റോഡ് അപകടങ്ങൾ, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷാപരമായ കാരണങ്ങൾ, കുറ്റകൃത്യങ്ങൾ മറയ്ക്കാനുള്ള സൗകര്യം ഇതൊക്കെ കണക്കിലെടുത്ത് നിയമം കർശനമായി നടപ്പാക്കാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ</u>

321 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ പോലീസ് സ്റ്റേഷനിലും എത്ര വീതം വാഹനങ്ങൾ പിടിച്ചിട്ടുണ്ട് എന്നും ഇത് ഏതൊക്കെയാണെന്നും എന്ത് കാരണത്തിനാണ് പിടിച്ചതെന്നും ഏതൊക്കെ വർഷം പിടിച്ചതാണെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(ബി) ഇത്തരം വാഹനങ്ങൾ സ്റ്റേഷനുകളിൽ കിടന്ന് നശിക്കുന്നത് ഒഴിവാക്കുന്നതിനായി അവ ലേലം ചെയ്യുന്നതിനോ മറ്റ് രീതിയിൽ തീർപ്പ് കൽപ്പിക്കുന്നതിനോ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

വിവിധ കേസുകളിൽ പിടിക്കപ്പെട്ട വാഹനങ്ങൾ

322 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നാദാപുരം, എടച്ചേരി പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസുകളിൽ പിടിക്കപ്പെട്ട, എത്ര വാഹനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ വാഹനങ്ങൾ തുരുമ്പെടുത്ത് നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, ഇത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 04.02.2013–ലെ മറുപടിക്ക്

വാഹനങ്ങളിലെ സൺഫിലിം

323 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ ഗ്ലാസ്സിൽ ഒട്ടിച്ചിട്ടുള്ള കറുത്ത സൺ ഫിലിം നീക്കം ചെയ്യണമെന്ന 2012 ഏപ്രിൽ 27 ലെ ബഹു. സുപ്രീം കോടതി വിധി നടപ്പിൽ വരുത്തുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു;

(ബി) പ്രസ്തുത ഉത്തരവിന് ശേഷം നാളിതുവരെ എത്ര കേസ്സുകൾ, രജിസ്റ്റർ ചെയ്തു;

(സി) പ്രസ്തുത വിധിക്കു ശേഷം നാളിതുവരെ ഇതിന്റെ പേരിൽ എന്ത് തുക പിഴയിനത്തിൽ ഈടാക്കി; വിശദാംശം നൽകുമോ;

(ഡി) ബഹു. സുപ്രീം കോടതി ഉത്തരവ് ഫലപ്രദമായി നടപ്പാക്കാത്തതിന്റെ ഭാഗമായി ബഹു. കേരള ഹൈക്കോടതി 2013, ജനുവരി 2 ന് സൺഫിലിം നീക്കൽ നിർദ്ദേശം പോലീസ് കർശനമായി നടപ്പിലാക്കുന്നില്ലെന്ന ഡിവിഷൻ ബഞ്ചിന്റെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ;

(ഇ) ബഹു. സുപ്രീം കോടതി ഉത്തരവ് വന്നതിന് ശേഷം ചിലർ സൺഫിലിം മാറ്റിയതിനുശേഷം ഉൾവശം കാണാത്ത തരത്തിലുള്ള കർട്ടൺ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ, ഇത്തരം കർട്ടൺ ഉപയോഗിക്കുന്ന സർക്കാർ വാഹനങ്ങൾ, പ്രത്യേകിച്ച് പോലീസ് വാഹനങ്ങൾ , മറ്റ് വാഹനങ്ങൾ ഇപ്രകാരം ഉൾവശം കാണാത്ത തരത്തിൽ യാത്ര ചെയ്യുന്നവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

(ജി) സംസ്ഥാനത്ത് നിലവിൽ, സൺഫിലിം ഒട്ടിച്ചതോ, ഉൾവശം കാണാത്ത തരത്തിലുള്ള കർട്ടൺ ഉപോയോഗിച്ചിട്ടുള്ള വാഹനങ്ങൾ ഉപയോഗിക്കുവാൻ, ഏതൊക്കെ വ്യക്തികൾക്ക് അധികാരമുണ്ടെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>കായംകുളം നഗരത്തിലെ ഹെൽമെറ്റ് പരിശോധന</u>

324 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം നഗരത്തിലെ തിരക്കേറിയ ജംഗ്ഷനുകളിൽ, ഹെൽമെറ്റ് പരിശോധന നടത്തുന്നത് ഗതാഗതകുരുക്കും അപകടങ്ങളും ഉണ്ടാക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>പോലീസ് സേനയുടെ ആധുനിക വൽക്കരണം</u>

325 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സേനയെ ആധുനിക വൽക്കരിക്കുന്നതിന്, എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ബി) പോലിസിനെ ജനകീയമാക്കുന്നതിനും, ജനങ്ങൾക്ക് പോലീസിലുള്ള വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

**ആഭ്യന്തരവും വിജിലൻസും വകുപ്പിലെ പദ്ധതികൾക്ക് അനുവദിച്ച തുക**

326 ശ്രീ. കെ. സുരേഷ്കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രിയുടെ ചുമതലയിൽ, ഉള്ള ഓരോ സർക്കാർ വകുപ്പുകൾക്കും 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയ തുകയും ഇതിനകം ചെലവഴിച്ച തുകയും എത്രയാണ്;

(ബി) മേൽപ്പറഞ്ഞ ഓരോ വകുപ്പിലും 2012-13 വർഷം നടപ്പിലാക്കുന്നതിന് ബഡ്ജറ്റ് വഴിയും അല്ലാതെയും പ്രഖ്യാപിച്ച പദ്ധതികൾ എല്ലാം നടപ്പിലാക്കിയിട്ടുണ്ടോ; ഇനിയും നടപ്പിലാക്കാത്തവ ഏതൊക്കെ:

(സി) ഭരണാനുമതി നൽകിയെങ്കിലും പദ്ധി നിർവ്വഹണം നടന്നിട്ടില്ലാത്തവ ഏതൊക്കെയാണ്;

(ഡി) ആഭ്യന്തരവും വിജിലൻസും വകുപ്പിനു കീഴിൽ, ഓരോ ഉപവകുപ്പിനും ബഡ്ജറ്റിൽ അനുവദിച്ച തുകയും ഖജനാവിൽ നിന്നും ചെലവഴിച്ചിട്ടില്ലാത്ത തുകയും എത്ര ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>ക്രൈം ബ്രാഞ്ചിലേക്ക് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം</u>

327 **ശ്രീ. റ്റി. എ. അഹമ്മദ് കബീർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്രൈംബ്രാഞ്ചിലേയ്ക്ക് ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇന്നത്തെ നിയമനരീതി കുറ്റാന്വേഷണത്തെ ദോഷകരമായി ബാധിക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കുമോ;

(സി) ഈ വിഭാഗം കഴിഞ്ഞ അഞ്ചുവർഷമായി പ്രതിവർഷം എത്ര കേസുകൾ വീതം അന്വേഷിച്ചിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികളെ കണ്ടെത്തിയിട്ടുണ്ട്; അവയിൽ എത്രയെണ്ണത്തിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>കുറ്റാന്വേഷണത്തിന് പ്രത്യേക ടീം</u>

328 ശ്രീ. എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യത്തിന്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ബുദ്ധിപരീക്ഷയ്ക്കും ഇൻവെസ്റ്റിഗേഷൻ സ്കില്ലിനും പ്രാധാന്യം നൽകി, പ്രത്യേക തെരഞ്ഞെടുപ്പിലൂടെ പോലീസിൽ കുറ്റാന്വേഷണത്തിന് പ്രത്യേകം പോലീസ് ടീമിനെ നിയമിക്കുമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>സുരക്ഷാജോലിക്ക് നൽകിയ പോലീസ് ഉദ്യോഗസ്ഥന്റെ ഡെപ്യൂട്ടേഷൻ</u>

329 ശ്രീ. എം. എ. ബേബി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും സ്വകാര്യകമ്പനിയുടെ സുരക്ഷാജോലിക്ക് പോലീസ് സേനയിൽപ്പെട്ട ആരുടെയെങ്കിലും സേവനം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഏതു കമ്പനിയാണ് ആവശ്യപ്പെട്ടതെന്നും, ഏതു പോലീസ് ഉദ്യോഗസ്ഥന്റെ സേവനമാണു വിട്ടുകൊടുത്തതെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>വനിതാ പോലീസുകാർക്ക് പ്രമോഷൻ</u>

330 ശ്രീ. എം.പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനിതാ പോലീസുകാർക്ക് റേഷ്യോ പ്രമോഷൻ നൽകി സബ് ഇൻസ്പെക്ടർ നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) വനിതാ പോലീസിനെ, സ്റ്റേഷന്റെ പൂർണ്ണ ചുമതലയുള്ള എസ്.ഐമാരായി പ്രമോഷൻ നൽകി നിയമിക്കുന്നതു പരിഗണിക്കുമോ;

(സി) എസ്.ഐ. പരീക്ഷയ്ക്ക് മാനസിക ശേഷി പരിശോധനാസംവിധാനം ഏർപ്പെടുത്തുമോ?

# കേരള നിയമസഭ
# 04.02.2013–ലെ മറുപടിക്ക്

## ഐ.പി.എസിന് സംസ്ഥാനത്തു നിന്ന് പരിഗണിക്കേണ്ടവരുടെ അന്തിമ പട്ടിക

331 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐ.പി.എസിന് സംസ്ഥാനത്തു നിന്ന് പരിഗണിക്കേണ്ടവരുടെ അന്തിമ പട്ടികയിൽ, ക്രിമിനൽ കേസുകളിൽ പ്രതിയായ പോലീസ് ഉദ്യോഗസ്ഥരും ഉൾപ്പെട്ടിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇങ്ങനെ ഉണ്ടാകാനുള്ള കാരണമെന്തെന്ന് വിശദമാക്കാമോ;

(ബി) രാഷ്ട്രപതിയുടെ മെഡൽ നേടിയവർ അടക്കം ആദ്യപട്ടികയിലുണ്ടായിരുന്ന പലരും അന്തിമ പട്ടികയിൽ നിന്ന് പുറത്താകാനുള്ള കാരണമെന്താണ്; വിശദമാക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>പോലീസ് ഡിപ്പാർട്ട്മെന്റിലുള്ള ഒഴിവുകൾ സംബന്ധിച്ച്</u>

332 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് ഡിപ്പാർട്ട്മെന്റിൽ, സർക്കിൾ ഇൻസ്പെക്ടർ മുതൽ മുകളിലേക്കുള്ള തസ്തികകളിലെ ഒഴിവുകൾ എത്ര എന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) സർക്കിൾ ഇൻസ്പെക്ടർ, ഡി.വൈ.എസ്.പി, എസ്.പി എന്നീ കേഡറുകളിലേയ്ക്ക് പ്രമോഷൻ നൽകേണ്ട ഉദ്യോഗസ്ഥരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; ഓരോ കേഡറിലേക്കും പ്രമോഷൻ ലഭിക്കേണ്ടവരുടെ പട്ടിക ഡി.പി.സി കൂടി എന്നാണ് തയ്യാറാക്കിയത് എന്ന് കാറ്റഗറി തിരിച്ച്, തീയതി വ്യക്തമാക്കാമോ; പ്രസ്തുത പട്ടിക ലഭ്യമാക്കുമോ;

(സി) മേൽപ്പറഞ്ഞ ഓരോ വിഭാഗത്തിലും ഡി.പി.സി കൂടിയതിനുശേഷം എത്ര പേർക്ക് പ്രമോഷൻ നൽകി നിയമിച്ചിട്ടുണ്ട് എന്ന്, കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ബാക്കിയുള്ളവരുടെ നിയമനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഈ കേഡറുകളിലെ ഒഴിവുകൾ, അടിയന്തരമായി നികത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) സബ് ഇൻസ്പെക്ടർ കേഡറിൽ ഉണ്ടായിട്ടുള്ള ഒഴിവുകൾ, പ്രൊമോഷൻ വഴി നികത്തുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണ്; നിരവധി അഭ്യസ്തവിദ്യർ കോൺസ്റ്റബിൾ തസ്തികയിൽ ജോലി ചെയ്യുന്നതിനാൽ ഇവരിൽ ഡിഗ്രിയും അതിൽ ഉയർന്ന യോഗ്യതകളും ഉള്ളവരെ നേരിട്ട് പ്രസ്തുത കേഡറിലേക്ക് ഉയർത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>പോലീസുകാർക്ക് ഓവർടൈം</u>

333 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് '8 മണിക്കൂർ സ്റ്റേഷനുകളിൽ' അല്ലാതെ, മറ്റ് സ്റ്റേഷനുകളിലും എ.ആർ. ക്യാമ്പുകളിലും ജോലി ചെയ്യുന്ന പോലീസുകാർക്ക് ഓവർടൈം നൽകുന്നതിനായി തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ, വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>ശ്രീ. ശ്രീരാജിന്റെ ആശ്രിതനിയമനം</u>

334 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ കണ്ണവം പോലീസ് സ്റ്റേഷനിൽ സേവനം നോക്കിവരവെ മരണമടഞ്ഞ ഹെഡ്കോൺസ്റ്റബിൾ സി. ബാലകൃഷ്ണന്റെ (എച്ച്.സി. 2782) ആശ്രിത നിയമനത്തിനായി മകൻ ശ്രീരാജിന്റെ, അപേക്ഷ, എപ്പോഴാണ് ഗവൺമെന്റിന് ലഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) പോലീസ് കോൺസ്റ്റബിൾ തസ്തികയിലേക്ക് അപേക്ഷ നൽകിയ ശ്രീ. ശ്രീരാജിന്റെ അപേക്ഷ അംഗീകരിക്കുകയും ശാരീരികക്ഷമതാ പരീക്ഷയും വൈദ്യപരിശോധനയും കഴിഞ്ഞിട്ടും നിയമനം നല്കാൻ കാലതാമസം നേരിടുന്നതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇത് സംബന്ധിച്ച് ആഭ്യന്തരവകുപ്പിലുള്ള ഫയൽ 88759/ K3/10/Homs നമ്പർ ഫയലിലും 58368/K3/12/Homs നമ്പർ ഫയലിലും കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ ;

(ഡി) ശ്രീ. ശ്രീരാജിന് ആശ്രിതനിയമനം അനുവദിച്ച് നിയമന ഉത്തരവ് എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>ശ്രീ. എം. എ ബഷീറിന്റെ സർവ്വീസ് കാര്യം</u>

335 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിൽ നിന്നും സെക്രട്ടേറിയറ്റിൽ, ചീഫ് സെക്യൂരിറ്റി ഓഫീസറായി ജോലി ചെയ്തിരുന്ന ശ്രീ. എം. എ ബഷീർ, എന്നാണ് സർവീസിൽ നിന്നും പിരിഞ്ഞതെന്ന് വ്യക്തമാക്കുമോ;

(ബി) ശ്രീ. ബഷീർ ഫാമിലി ബെനിഫിറ്റ് സ്കീമിൽ അംഗമായിരുന്നുവോ; എങ്കിൽ, ഈ പദ്ധതി പ്രകാരം റിട്ടയർ ചെയ്യുമ്പോൾ ലഭിക്കേണ്ട തുക ബഷീറിനോ കുടുംബത്തിനോ നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ, അതിനുള്ള കാരണമെന്താണ്;

(സി) ഫണ്ടിലെ തുക ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ, എന്നാണ് അപേക്ഷ ലഭിച്ചതെന്നും, അതിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികളെ്റഹ്വല്ലാമെന്നും വെളിപ്പെടുത്തുമോ;

(ഡി) ഇതു സംബന്ധിച്ച് സർക്കാരിൽ നിന്നുള്ള 6.8.2011-ലെ 57334/എഫ്ബിഎസ്എ2/2008 ധന. നമ്പർ കത്ത് പ്രകാരം നാളിതുവരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദവിവരം നൽകാമോ?

# കേരള നിയമസഭ
# 04.02.2013–ലെ മറുപടിക്ക്

<u>പ്രമാണങ്ങൾ നഷ്ടപ്പെട്ടാൽ പോലീസ് സ്റ്റേഷനിൽ നിന്നുള്ള സർട്ടിഫിക്കറ്റ്</u>

336 ശ്രീ. എൻ. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാസ്പോർട്ട്, വാഹനങ്ങളുടെ ആർ.സി. ബുക്ക്, ആധാരം തുടങ്ങിയ പ്രമാണങ്ങൾ നഷ്ടപ്പെട്ടാൽ പരാതി നൽകുന്ന ആളുകൾക്കു പോലീസ് സ്റ്റേഷനുകളിൽ നിന്ന് എത് തരത്തിലുള്ള സർട്ടിഫിക്കറ്റുകളാണ് ഇപ്പോൾ നൽകിവരുന്നത്;

(ബി) കാസർകോട് ടൗൺ പോലീസ് സ്റ്റേഷനിൽ, ഇത്തരം പരാതികളുമായി ചെന്നാൽ ആട്ടിയോടിക്കപ്പെടുന്നു എന്നുള്ള ജനങ്ങളുടെ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2012 വർഷത്തിൽ മുകളിൽ പറഞ്ഞ തരത്തിലുള്ള പ്രമാണങ്ങൾ നഷ്ടപ്പെട്ടതിനെ തുടർന്നു എത്ര പരാതികൾ കാസർഗോട് ടൗൺ പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടുണ്ട്; ഈ പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്താണ്?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

ഹോംഗാർഡുകൾ

337 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആഭ്യന്തര വകുപ്പിന്റെ സഹായത്തിനായി എത്ര ഹോംഗാർഡുകളെയാണ് നിയമിച്ചിട്ടുള്ളതെന്നും; ഇവർക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ജോലി സമയം എത്രയെന്നും വെളിപ്പെടുത്തുമോ;

(ബി) ഹോം ഗാർഡുകൾക്ക് ഇപ്പോൾ നൽകുന്ന വേതനം എത്രയെന്നും ഇവരെ നിയമിക്കുന്നതിനും സേവനം അവസാനിപ്പിക്കുന്നതിനുമുള്ള പ്രായപരിധി എത്രയെന്നും വെളിപ്പെടുത്തുമോ;

(സി) ഹോംഗാർഡുകളെ ഏതൊക്കെ മേഖലകളിൽ നിയമിക്കാറുണ്ടെന്നും കുറ്റകൃത്യങ്ങൾ തടയുന്നതിലോ നിയന്ത്രിക്കുന്നതിനോ എന്തെങ്കിലും അധികാരം നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഡി) വർദ്ധിച്ചുവരുന്ന ജീവിതച്ചെലവ് കണക്കാക്കി ഹോംഗാർഡുകൾക്ക് വേതന വർദ്ധന നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഇ) സംസ്ഥാനത്ത് നിയമിച്ചിട്ടുള്ള ഹോംഗാർഡുകൾക്ക് ക്രമസമാധാനപാലനത്തിന്റെ എന്തെങ്കിലും ചുമതലകൾ നൽകിയിട്ടുണ്ടോ ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>പോലീസ് വകുപ്പിലെ വാഹനക്ഷാമം പരിഹരിക്കാൻ നടപടി</u>

338 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് വകുപ്പിൽ, വാഹനങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പോലീസ് വകുപ്പിന്റെ കീഴിൽ പതിനഞ്ച് വർഷത്തിലധികം പഴക്കമുള്ള എത്ര വാഹനങ്ങളുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇവ മാറ്റി, പുതിയവ വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>പോലീസ് വകുപ്പിനുവേണ്ടി വാങ്ങിയ വാഹനങ്ങൾ</u>

339 ശ്രീ. വി.ഡി. സതീശൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് വകുപ്പിനുവേണ്ടി സംസ്ഥാനത്ത് മാരുതി വാഗൺ ആർ എന്ന വാഹനം വാങ്ങിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര എണ്ണം വാങ്ങിയെന്നും ഇപ്പോൾ ഈ വാഹനങ്ങൾ ഉപയോഗിക്കുന്നത് ആരാണെന്നും വെളിപ്പെടുത്തുമോ;

(സി) ഈ വാഹനങ്ങൾ എന്താവശ്യത്തിനുവേണ്ടിയാണോ വാങ്ങിയത് അതിനു തന്നെയാണോ ഇപ്പോഴും ഉപയോഗിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>അഗ്നിശമന സേനയിൽ, വാഹനങ്ങളും</u>
<u>ഉപകരണങ്ങളും വാങ്ങിയതിലെ ക്രമക്കേടുകൾ</u>

340 ശ്രീ. പി.സി. ജോർജ്
,, എം.വി. ശ്രേയാംസ് കുമാർ
,, റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന സേനയിൽ വാഹനങ്ങളും ഉപകരണങ്ങളും വാങ്ങിയതിൽ ക്രമക്കേടുകൾ ഉണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ട്ടുവോ;

(ബി) പ്രസ്തുത പരാതിക്ക് ആധാരമായ സംഗതികൾ എന്തെല്ലാമാണ്;

(സി) ഈ പരാതിയുടെ അടിസ്ഥാനത്തിൽ, പ്രാഥമിക അന്വേഷണത്തിൽ ബോധ്യപ്പെട്ട കാര്യങ്ങൾ എന്തെല്ലാമാണ്;

(ഡി) എങ്കിൽ പ്രഥമദൃഷ്ടിയാ കുറ്റക്കാരെന്ന് കണ്ടെത്തിയവർക്കെതിരെ കർശന ശിക്ഷണ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>അഗ്നിശമന സേനാവിഭാഗങ്ങളുടെ കാര്യക്ഷമത</u>

341 ശ്രീ. എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്
,, റോഷി അഗസ്റ്റിൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന സേനാവിഭാഗങ്ങളുടെ കാര്യക്ഷമമായ കൃത്യനിർവ്വഹണത്തിന് വിഘാതമായി നില്ക്കുന്ന ഘടകങ്ങൾ എന്തെല്ലാമെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സേനാവിഭാഗത്തെ ശാക്തീകരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) അഗ്നിശമന സേനാംഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

ഫയർ സ്റ്റേഷനുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ

342 ശ്രീ. എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം പ്രവർത്തനം ആരംഭിച്ച ഫയർ സ്റ്റേഷനുകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) മഞ്ചേരി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന്റെ നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(സി) പ്രസ്തുത ഫയർ സ്റ്റേഷൻ ആരംഭിക്കാൻ നടപടികൾ ത്വരിതപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
# 04.02.2013–ലെ മറുപടിക്ക്

അഗ്നിശമന നിലയങ്ങൾ

343 ശ്രീ.രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 1962 ൽ സ്വതന്ത്രമായി രൂപീകൃതമായ ഫയർ ഫോഴ്സ് ഡിപ്പാർട്ട്മെന്റിൻ കീഴിൽ ഇപ്പോൾ എത്ര അഗ്നിശമന നിലയങ്ങളാണു ഉള്ളത്; 1962 ൽ ഡിപ്പാർട്ട്മെന്റ് രൂപീകരിക്കുന്ന സമയത്ത് എത്ര നിലയങ്ങൾ ഉണ്ടായിരുന്നു; ഈ ഡിപ്പാർട്ട്മെന്റിലെ സ്റ്റാഫ് പാറ്റേൺ എന്നാണ് നിലവിൽ വന്നത്; ഇത് പിന്നീട് പരിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വർഷങ്ങളിൽ; ഇല്ലെങ്കിൽ, എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഡിപ്പാർമെന്റിന്റെ പേര് എന്നാണ് ഫയർ & റസ്ക്യൂ സർവ്വീസസ് എന്നാക്കി മാറ്റിയത്; ഇതനുസരിച്ച് റൂളുകളിലും ചട്ടങ്ങളിലും ഈ ഭേദഗതി വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ, എന്തുകൊണ്ടാണ് എന്നു വ്യക്തമാക്കാമോ; ഈ മാറ്റം വരുത്താൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഫയർ & റെസ്ക്യൂ സർവ്വീസ് ഡിപ്പാർട്ട്മെന്റിൽ, ഏതൊക്കെ തസ്തികകളിലായി, എത്ര വീതം ഒഴിവുകളുണ്ടെന്ന്, ഡിവിഷൻ തിരിച്ച് വ്യക്തമാക്കാമോ; ഈ ഒഴിവുകൾ നികത്തുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) റസ്ക്യൂ ഓപ്പറേഷനു വേണ്ടി എന്തൊക്കെ ആധുനിക ഉപകരണങ്ങളാണ് ഈ ഡിപ്പാർട്ടുമെൻറുകൾക്ക് നൽകിയിട്ടുള്ളത്; ഇത്തരം സംവിധാനം സംസ്ഥാനത്തെ എല്ലാ ഫയർ & റസ്ക്യൂ സ്റ്റേഷനുകളിലും ലഭ്യമാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) പുഴകളും നദികളും ഉള്ള പ്രദേശങ്ങൾ ഉയർന്ന കെട്ടിടങ്ങൾ ഉള്ള പ്രദേശങ്ങൾ വനങ്ങളും മരങ്ങളും ഉള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിൽ അതിനനുസൃതമായ ഉപകരണങ്ങൾ റെസ്ക്യൂ ഓപ്പറേഷനായി തൊട്ടടുത്ത ഫയർ & റെസ്ക്യൂ സ്റ്റേഷനുകളിൽ നൽകാനായി നട

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

പടി സ്വീകരിക്കുമോ;

(എഫ്) ആധുനിക കാലത്തുണ്ടാകുന്ന വെല്ലുവിളികളെ നേരിടാൻ കഴിയും വിധം, കൂടുതൽ ഫയർ& റെസ്ക്യൂ നിലയങ്ങൾ ആരംഭിക്കുന്നതിനും, ഇതിനനുസരിച്ച് സ്റ്റാഫ് പാറ്റേൺ പുതുക്കുന്നതിനും, തെരഞ്ഞെടുക്കപ്പെടുന്ന ഫയർമാൻമാർക്ക് ആധുനിക പരിശീലനം നൽകുന്നതിനുമായി കൂടുതൽ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

## ഭൂമി അനുവദിച്ച കേസ്

344 ശ്രീ. സി. പി. മുഹമ്മദ്
,, ആർ. സെൽവരാജ്
,, ലൂഡി ലൂയിസ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് അന്നത്തെ മുഖ്യമന്ത്രി തന്റെ ബന്ധുവിന് വഴിവിട്ട് ഭൂമി അനുവദിച്ചത് സംബന്ധിച്ചുള്ള കേസിൽ അന്വേഷണം പൂർത്തിയായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ കേസിൽ ആർക്കെല്ലാം എതിരെയാണ് കുറ്റപത്രം സമർപ്പിക്കാനുദ്ദേശിക്കുന്നത്;

(സി) കുറ്റക്കാരെ സംബന്ധിച്ച് വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ഡി) കേസിന്മേലുള്ള അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>വിജിലൻസ് സംവിധാനം</u>

345 ശ്രീ. കെ. രാധാകൃഷ്ണൻ
'' സാജു പോൾ
'' കെ.കെ. നാരായണൻ
'' വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് സംവിധാനം സർക്കാർ ദുരുപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നതായുള്ള കേരള ഹൈക്കോടതി നിരീക്ഷണംച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരമൊരു നിരീക്ഷണത്തിന് ഇടയാക്കിയ സാഹചര്യം എന്തായിരുന്നു;

(ബി) ഇപ്പോഴത്തെ മന്ത്രിമാരുടെ പേരിലുള്ള വിജിൽസ് കേസുകൾ, പുനരന്വേഷണവും തുടരന്വേഷണവും നടത്തി ഇല്ലാതാക്കാനും എഴുതിത്തള്ളാനും, രാഷ്ട്രീയ എതിരാളികൾക്കെതിരെ നിരന്തരം വിജിലൻസ് കേസെടുക്കാനും വിജിലൻസിനെ ദുരുപയോഗം ചെയ്തുവരുന്നതായ ആക്ഷേപം സംബന്ധിച്ച്, കോടതിയുടെ നിരീക്ഷണത്തിന്റെ പശ്ചാത്തലത്തിൽ പരിശോധിക്കുമോ?

# കേരള നിയമസഭ
# 04.02.2013–ലെ മറുപടിക്ക്

<u>മന്ത്രിമാർക്കെതിരെയുള്ള വിജിലൻസ് അന്വേഷണം</u>

346 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മന്ത്രിസഭയിൽ എത്ര മന്ത്രിമാരാണ് അഴിമതിക്കേസുകളിൽ വിജിലൻസ് അന്വേഷണം നേരിടുന്നത്;

(ബി) ഏതെല്ലാം മന്ത്രിമാർക്ക് എതിരെയാണ് അഴിമതിക്കേസുകൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഓരോരുത്തരുടേയും പേരിലുള്ള കുറ്റങ്ങൾ എന്തൊക്കെയെന്ന് പ്രത്യേകം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>മന്ത്രിമാർക്കെതിരെയുള്ള വിജിലൻ കേസ്</u>

347 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭയിൽ ഏതെങ്കിലും അംഗങ്ങൾക്കെതിരെ നിലവിൽ വിജിലൻസ് കേസുകളോ മറ്റു കേസുകളോ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) മന്ത്രിസഭയിലെ ഏതെങ്കിലും അംഗത്തിനെതിരെ പുതുതായി വിജിലൻസ് അന്വേഷണത്തിന് നടപടി ആയിട്ടുണ്ടോ; ഉണ്ടെങ്കിൽ മന്ത്രിയുടെ പേരും മറ്റു ആരോപണ വിഷയങ്ങളും വിശദമാക്കാമോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>സ്പെഷ്യൽ പ്രോസിക്യൂട്ടർ നിയമനം</u>

348 ശ്രീ. കെ. കുഞ്ഞിരാമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് ജില്ലാ സഹകരണ ബാങ്കിലെ കോഴ നിയമന കേസിൽ, വിജിലൻസ് കോടതിയിൽ വിചാരണ നേരിടുന്ന പ്രതിയെ, ടി. പി. ചന്ദ്രശേഖരൻ വധകേസ്സിൽ സ്പെഷ്യൽ പ്രോസിക്യൂട്ടറായി നിയമിച്ചതിനെതിരെ ആഭ്യന്തര വകുപ്പിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) സ്പെഷ്യൽ പ്രോസിക്യൂട്ടറായി നിയമിതനായ അഡ്വ. സി. കെ. ശ്രീധരൻ വിജിലൻസ് കേസിലെ എത്രാമത്തെ പ്രതിയാണ്;

(സി) കോഴിക്കോട് വിജിലൻസ് കോടതിയിൽ ഇപ്പോൾ കേസ്സ് വിചാരണയിലാണോ;

(ഡി) പരാതിക്കാരൻ ഉന്നയിച്ച ആക്ഷേപങ്ങൾ സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായോ;

(ഇ) സ്പെഷ്യൽ പ്രോസിക്യൂട്ടർ സ്ഥാനത്ത്, വിജിലൻസ് കേസ്സിൽ വിചാരണ നേരിടുന്ന ഒരാൾ തുടരുന്നത് ശരിയാണോ;

(എഫ്) വിജിലൻസ് കേസ്സിൽ വിചാരണ നേരിടുന്ന ഒരാളാണ് താൻ എന്ന കാര്യം പ്രോസിക്യൂട്ടർ നിയമനഘട്ടത്തിൽ സർക്കാരിനെ ശ്രീധരൻ അറിയിച്ചിട്ടുണ്ടായിരുന്നുവോ;

(ജി) വസ്തുതകൾ മറച്ചുവെച്ചതിന് പ്രസ്തുത വ്യക്തിയോട് വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

<u>വിജിലൻസ് കേസ്സുകൾ</u>

349 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ എത്ര വിജിലൻസ് കേസ്സുകൾ പിൻവലിക്കുന്നതിന് ഉത്തരവായി ; അവ ഏതൊക്കെയാണ് ;

(ബി) നിലവിൽ തീർപ്പാക്കാത്ത വിജിലൻസ് കേസ്സുകൾ എത്രയാണ് ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 04.02.2013–ലെ മറുപടിക്ക്

<u>വിജിലൻസ് കേസ്</u>

350 ശ്രീ.എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതി ജഡ്ജി കൈക്കൂലി വാങ്ങുന്നത് നേരിൽ കണ്ടു എന്ന വിവാദ പ്രസംഗത്തിന്റെ പേരിൽ കെ. സുധാകരൻ എം.പിയ്ക്കെതിരെ വിജിലൻസ് സ്വമേധയാ കേസെടുത്തിരുന്നോ;

(ബി) കേസെടുക്കുന്നതിന് വിജിലൻസ് ചൂണ്ടിക്കാട്ടിയ കാരണങ്ങൾ എന്തൊക്കെയായിരുന്നു;

(സി) ഇപ്പോൾ സി.ബി.ഐ അന്വേഷണം നടക്കുന്നുവെന്നതു കൊണ്ടും സംഭവം നടന്നത് തങ്ങളുടെ അന്വേഷണ പരിധിയിലല്ല എന്നതു കൊണ്ടും വിജിലൻസ് കേസ് പിൻവലിച്ചിട്ടുണ്ടോ; യഥാർത്ഥത്തിൽ സി.ബി.ഐ അന്വേഷണം നടക്കുന്നുണ്ടോ;

(ഡി) അങ്ങനെയെങ്കിൽ, സ്വമേധയാ കേസെടുത്ത വേളയിൽ വിജിലൻസ് ഇക്കാര്യം പരിഗണിച്ചിരുന്നില്ലേ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>വിജിലൻസ് അന്വേഷണം</u>

351 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭയിലെ എത്ര അംഗങ്ങൾക്കെതിരെ ഈ സർക്കാർ തന്നെ വിജിലൻസ് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടെന്ന് വിശദമാക്കുമോ; ഏതൊക്കെ മന്ത്രിമാർക്കെതിരെ ഏതെല്ലാം കേസുകളിലാണ് അന്വേഷണമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേസുകളുടെ വിശദാംശങ്ങളും ഏതെല്ലാം സാഹചര്യത്തിലാണ് ഇത്തരം അന്വേഷണം എന്നും വ്യക്തമാക്കുമോ;

(സി) ഓരോ കേസിന്റെയും അന്വേഷണപുരോഗതി വിശദമാക്കുമോ;

(ഡി) എത്ര നാളുകൾക്കുള്ളിൽ അന്വേഷണം പൂർത്തീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ എന്തെങ്കിലും നിർദ്ദേശം സർക്കാർ വിജിലൻസിന് നൽകിയിട്ടുണ്ടോ?

# കേരള നിയമസഭ
# 04.02.2013-ലെ മറുപടിക്ക്

സംസ്ഥാന വിജിലൻസ് ആസ്ഥാനത്ത് ലഭിച്ച പരാതികളുടെ വിശദാംശങ്ങൾ

352 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിജിലൻസ് ആസ്ഥാനത്ത് ടോൾഫ്രീ നമ്പർ 8592900900 വഴി ലഭിച്ച പരാതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; ഇതിനകം ലഭിച്ച പരാതികൾ എത്ര;

(ബി) എത്ര പരാതികളെക്കുറിച്ച് പ്രാഥമിക അന്വേഷണം നടത്തുകയുണ്ടായി; അന്വേഷണം നടന്നിട്ടില്ലാത്ത പരാതികളുടെ എണ്ണം എത്ര;

(സി) പ്രാഥമിക അന്വേഷണത്തിൽ അഴിമതി നടന്നു എന്നു സൂചനയുള്ള എത്ര പരാതികൾ തുടർ അന്വേഷണത്തിനായിവിട്ടു;

(ഡി) ടോൾ ഫ്രീ നമ്പറിൽ വിളിച്ച ആർക്കെങ്കിലും വിശദമായി പരാതി പറയാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; പരാതിപ്പെടാൻ മുന്നോട്ട് വരുന്നവരുടെ പേര് വിവരം പുറത്ത് വിടുന്നതിനാൽ ഭീഷണി ഭയന്ന് പരാതികൾ പറയാതിരിക്കുന്ന സ്ഥിതി ഉണ്ടായിട്ടുണ്ടോ?

# കേരള നിയമസഭ
## 04.02.2013–ലെ മറുപടിക്ക്

<u>ജില്ലാ ജയിൽ സ്ഥാപിക്കുന്നതിന് നടപടി</u>

353 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഒരു ജില്ലാ ജയിൽ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ജില്ലാ ആസ്ഥാനമായ കൽപ്പറ്റ കേന്ദ്രീകരിച്ച് ജില്ലാ ജയിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 04.02.2013-ലെ മറുപടിക്ക്

<u>ജയിലുകളിലെ മൊബൈൽ ഫോൺ ഉപയോഗം</u>

354 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ മൊബൈൽ ഫോൺ ഉപയോഗം വ്യാപകമായി നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള മൊബൈൽ ജാമറുകളുട ഫ്രീക്വൻസി കുറച്ചു വയ്ക്കുന്നതും, അത്യാധുനിക മൊബൈൽ ജാമറുകൾ ലഭ്യമാക്കാത്തതുമാണ് ജയിലുകളിൽ മൊബൈൽ ഉപയോഗം കുറയ്ക്കുവാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കുന്നത് എന്നത് ബോധ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കഴിഞ്ഞവർഷം കേരളത്തിലെ ജയിലുകളിൽ നിന്നും കസ്റ്റഡിയിൽ എടുത്ത മൊബൈൽ ഫോണുകളുടെ എണ്ണം ജയിൽതിരിച്ച് അറിയിക്കുമോ;

(ഡി) ജയിലുകളിലെ മൊബൈൽ ഉപയോഗം ഒഴിവാക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ജനുവരി 26.